


ശ്രീവാഞ്ഛേശ്വരദീക്ഷിതർ രചിച്ച

മഹിഷ ശതകം

സമ്പാദനം, ആമുഖപഠനം
മലയാള പരാവർത്തനം

ഡോ. വെളുത്താട്ട് കേശവൻ

KCHR

ശ്രീവാഞ്ഛേശ്വരദീക്ഷിതർ രചിച്ച

മഹിഷശതകം

ശ്രീവാഞ്ചേശ്വരദീക്ഷിതർ രചിച്ച

മഹിഷശതകം

കവിയുടെ പ്രപൗത്രനായ വാഞ്ചേശ്വരയജ്വാവിന്റെ
"ശ്ലേഷാർത്ഥചന്ദ്രിക"യെന്ന വ്യാഖ്യാനസഹിതം

സമ്പാദനം, ആമുഖപഠനം, മലയാളപരാവർത്തനം:
ഡോ. വെളുത്താട്ട് കേശവൻ

കേരള ചരിത്ര ഗവേഷണ കൗൺസിൽ
വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം
2011

(Malayalam)

Mahishasathakam

Editor:
Dr. Veluthat Kesavan

Published by
Kerala Council for Historical Research [KCHR]

(KCHR is an autonomous institution committed to scientific research in social sciences, affiliated to the University of Kerala and funded by the Ministry of Higher Education, Government of Kerala)

First published 2011

Printed at:
SB Press (P) Ltd,Thiruvananthapuram-1

Cover design:
Bhattathiri

ISBN: 81-85 499-41-1

Price: ₹ 150.00

Kerala Council for Historical Research

PB: No. 839, Vyloppilly Samskrithi Bhavan,
Nalanda, Thiruvananthapuram-695 003.
Phone/Fax:+91-471-2310409.
Email:kchrtvm@gmail.com ,
Website:www.keralahistory.ac.in

ഉള്ളടക്കം

മുഖവുര

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ദക്ഷിണേന്ത്യ സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായി വൻ പ്രതിസന്ധികൾ നേരിട്ടു. അന്നത്തെ ജീർണ്ണതകളെ തുറന്നു കാട്ടുന്ന ഒരൊന്നാന്തരം സംസ്കൃതകാവ്യമാണ്, *മഹിഷശതകം*. ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും മേല്ക്കുമേൽ തള്ളിവരുന്ന ഈ കൃതി സാഹിത്യവിദ്യാർത്ഥികൾ കാണാതെ പോവരുത്. എന്നാൽ, ഒരുത്തമകാവ്യമെന്നതിലേറെ ഞാനിതിനെ കാണുന്നതു നിശിതമായ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയവിമർശമെന്ന നിലക്കാണ്. ഇത്ര ശക്ത മായ ഒരു വിമർശകാവ്യം സുലഭമല്ല. ഇതിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ പലതും-ഉദ്യോഗസ്ഥമേധാവിത്തം, സാമൂഹ്യമായ ജീർണ്ണത, വിദ്യാഭ്യാസത്തിന്റെ അപചയം, രാഷ്ട്രീയത്തിലെ അഴിമതി, സ്വജനപക്ഷ പാതം, എന്നുവേണ്ട, ഏതാണ്ടെല്ലാം - ഇന്നും പ്രസക്തമാണെന്നു തോന്നുന്നു. അതുകൊണ്ട്, അലസമായ ഒരു സാഹിത്യപ്രയത്നമായല്ല, തീവ്രമായ ഒരു രാഷ്ട്രീയപ്രവർത്തനമായിട്ടാണ് ഇതിനെ കാണേണ്ടത്.

യാദൃച്ഛികമായാണ്, *മഹിഷശതകം* എന്റെ കണ്ണിൽ പെട്ടത്. 2002 മാർച്ച്-ഏപ്രിൽ-മെയ് കാലത്തു് പാരീസിലെ മെസോം ദ് സ്യാൻസെസ് ദ് ലോം (Maison des Sciences de l'Homme) എന്ന സ്ഥാപനത്തിൽ ചില ഗവേഷണപരിപാടികളുമായി കൂടിയപ്പോൾ പ്രശസ്ത സംസ്കൃത പണ്ഡിതനായ പ്രൊഫെസ്സർ പിയർ-സിൽവാൻ ഫിലിയോസാ ആണ് ഈ കൃതിയെപ്പറ്റി എന്നോടു പറഞ്ഞത്. ഒരു ഫ്രെഞ്ച് വ്യാഖ്യാനത്തോടെ അത് പ്രസിദ്ധീകരിക്കാൻ ഒരുങ്ങുകയായിരുന്ന അദ്ദേഹം അപ്പോൾ ത്തന്നെ അതിന്റെ ഒരു മൃദുപ്രതി (soft copy) തന്നു. അതു് വായിച്ചപ്പോൾ തോന്നിയ രസം ഒരു ആവേശമായി. പിന്നീടു തഞ്ചാവൂരെ സരസ്വതി മഹാൾ ലൈബ്രറിയിൽ നിന്ന് 1936ൽ നാഗരലിപിയിൽ അടിച്ച ഒരു പ്രതി വൈ. സുബ്ബരായലു തരപ്പെടുത്തിത്തന്നു. കവിയുടെ നപ്താവായ വാഞ്ചേശ്വരയ രാജാവിന്റെ *ശ്ലേഷാർത്ഥചന്ദ്രിക*യെന്ന വ്യാഖ്യാനം ഇതിൽ നിന്നാണെനിക്ക് കിട്ടിയത്. ആ നിലാവെളിച്ചമെങ്കിലും ഇല്ലായി രുന്നെങ്കിൽ ഇതിലെ ശ്ലേഷപ്രചുരമായ കുണ്ടനിടവഴികളിൽ ഞാൻ വഴി തെറ്റി വീണേനേ.

പല പണ്ഡിതന്മാരുമായും ഈ കൃതി പലപ്പോഴായി ചർച്ച ചെയ്യാൻ എനിക്ക് അവസരമുണ്ടായി. എം.ആർ. രാഘവവാരിയർ, കെ.ജി. പൗലോസ്, കെ.പി. ശങ്കരൻ, എം.ജി.എസ്. നാരായണൻ, കെ.വി. രാമകൃഷ്ണൻ, കെ.പി. മോഹനൻ, ബി. സുരേന്ദ്ര റാവു, സ്കറിയാ സക്കറിയാ എന്നിവർ പല നിലക്കും പ്രോത്സാഹിപ്പിച്ചു. ഫിലിയോസാ അവർകളുടെ ഫ്രെഞ്ച് പതിപ്പിന്റെ പ്രൗഢഗംഭീരമായ അവതാരികയും വ്യാഖ്യാനവും എനിക്ക് ഏറെ സഹായകമായി. നേരിട്ടുള്ള ചർച്ച കളിലൂടെയും ഇ-മെയ്ൽ സന്ദേശങ്ങളിലൂടെയും അദ്ദേഹം വേറെയും സഹായിച്ചു. അവരെയൊക്കെ ഞാൻ കൃതജ്ഞതാപൂർവം സ്മരിക്കുന്നു.

പരാവർത്തനത്തിന് *ശ്ലേഷാർഥചന്ദ്രിക*യെ ഏറെ ഉപജീവിച്ചിട്ടുണ്ടെങ്കിലും ചിലേടത്ത് അതിനോട് വിയോജിപ്പു തോന്നിയിട്ടുണ്ട്; വേറിട്ടൊരു വായന ആവശ്യമാണെന്ന് തോന്നിയേടത്തു അതു കൊടുത്തിട്ടുമുണ്ട്. അതുപോലും ആ വിശദമായ വ്യാഖ്യാനത്തിന്റെ സഹായത്തോടെയാണെന്ന് പറഞ്ഞുകൊള്ളട്ടെ.

ഈ പതിപ്പിൽ ഞാൻ പിന്തുടർന്ന പദ്ധതി ഏതാണ്ടിപ്രകാരമാണ്: ആദ്യം മൂലശ്ലോകം, അതെത്തുടർന്ന് മലയാളത്തിലൊരു പരാവർത്തനം, പിന്നെ വാഞ്ചേശ്വരയജ്വാവിന്റെ *ശ്ലേഷാർഥചന്ദ്രിക*യെന്ന വ്യാഖ്യാനം. നേർക്കുനേരെ മഹിഷപക്ഷത്തിലുള്ള അർഥം ആദ്യം പറയുകയും മറ്റേപക്ഷത്തിലുള്ള അർഥം തുടർന്ന് കുറിക്കുകയുമാണ്, ഈ പരാവർത്തനത്തിൽ ഞാൻ അവലംബിച്ചരീതി. ശ്ലേഷം വിവർത്തനക്ഷമമല്ലാത്തതുകൊണ്ട് ഇതിലും നല്ല ഒരു വഴി തോന്നിയില്ല. അതേ പോലെ അന്വയക്രമത്തിൽ മൂലം ഇടത്തുഭാഗത്തും അന്വയാർത്ഥം വലത്തുഭാഗത്തും കൊടുക്കുന്ന രീതിയും ഞാൻ അവലംബിക്കുന്നില്ല: സംസ്കൃതമറിയാവുന്ന, അന്വയം വേണ്ടുന്ന, വായനക്കാർക്ക് അത് വ്യാഖ്യാനത്തിൽ കിട്ടും; അല്ലാത്തവർക്ക് പത്തിതിരിച്ചെഴുതിയ അന്വയാർഥം വായിച്ച് ഒരു ഗദ്യക്രമം ഉണ്ടാക്കുകയെന്നത് ഉപദ്രവമാകുകയും ചെയ്യും.

ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ സൗമനസ്യം കാണിച്ച കേരളചരിത്രഗവേഷണ കൗൺസിലിനോട് ഞാൻ കടപ്പെട്ടവനാണ്.

കുട്ടിക്കാലത്ത് എന്നെ സംസ്കൃതം പഠിപ്പിച്ച പെരിങ്ങോട്ട് പടിഞ്ഞാറെവാരിയത്ത് രാഘവവാരിയരുടെയും സംസ്കൃതത്തിലൊരു പുസ്തകം ഒറ്റക്കു വായിക്കാൻ എനിക്കു ധൈര്യം തന്ന ചക്കണാത്ത് പൊതുവാട്ടിൽ രാഘവപ്പൊതുവാളുടെയും പുണ്യസ്മരണക്കായി ഞാനിതു സമർപ്പിക്കുന്നു.

കാരത്തൂർ,

വെളുത്താട്ട് കേശവൻ

൧൧൮൭ ചിങ്ങം ൧

അവതാരിക

രാജസദസ്സുകൾ മുഖസ്തുതിയും പ്രശംസയും കൊണ്ട് മുഖരിതമായ അരങ്ങുകളായാണല്ലോ അറിയപ്പെടുന്നത്. ചക്രവർത്തിയിൽ നിന്ന് ആനുകൂല്യങ്ങൾ തരപ്പെടുത്താൻ സന്ദർഭം കാത്തിരിക്കുന്ന രാജസേവകന്മാർ തിരുമുഖത്തിന് ചാർത്താത്ത ഗുണങ്ങളില്ല. സർവ്വകലാവല്ലഭനായ മഹാരാജാവിന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കുകയെന്ന കർത്തവ്യം ഏറ്റെടുത്തവരായിരിക്കും രാജസദസ്സിനെ അലങ്കരിക്കുന്നവരെല്ലാം തന്നെ. പ്രശംസയുടെ പ്രചോദനം ദീപസ്തംഭം മഹാശ്ചര്യം.... എന്ന ചേതോവികാരം തന്നെയാണെങ്കിലും അധികാരമാണ് ആദരവിന്റെ അടിസ്ഥാനം. അധികാരത്തെ ബഹുമാനിച്ചില്ലെങ്കിൽ എന്തു സംഭവിക്കുമെന്ന് അറിയാത്തവരായി ആരും തന്നെ രാജസദസ്സിലുണ്ടാകുകയില്ല. അതുകൊണ്ട് കൽതുറുങ്കിന്റെ താക്കോൽ കയ്യിലുള്ള രാജാവ് സർവ്വഗുണസമ്പന്നനായി, സദസ്സിന്റെ പ്രശംസയ്ക്ക് പാത്രീഭൂതനായി വിലസുന്നു. രാജാവിനോടുള്ള ബഹുമാനത്തിന്റെയും ആദരവിന്റെയും പിന്നിൽ പലപ്പോഴും അധികാരത്തിന്റെ അദൃശ്യമായ കരവിരുതാണുള്ളത്.

അധികാരവും പ്രതിരോധവും തമ്മിൽ അനിഷേധ്യമായ അന്യോന്യ ബന്ധമുണ്ട്. അധികാരം സ്വാഭാവികമായും പ്രതിരോധത്തിന് വഴിവയ്ക്കുന്നു. പക്ഷെ പ്രതിരോധത്തിന്റെ വഴികൾ പലതാണ്. പ്രത്യേകിച്ച് ശക്തിയെ ശക്തികൊണ്ട് നേരിടാൻ കഴിയാത്ത സന്ദർഭങ്ങളിൽ. ദുർബലനായവൻ അവന്റേതായ പ്രതിരോധരീതികൾ കണ്ടുപിടിക്കുന്നു. ഒരു വാക്കോ, ഒരാംഗ്യമോ പലപ്പോഴും അധികാരത്തിനോടുള്ള വെല്ലുവിളിയായി തീരാറുണ്ട്. ഇന്ത്യയിലെ രാജസദസ്സുകളെക്കുറിച്ചുള്ള നിരവധി കഥകൾ അധികാരത്തെ ചോദ്യം ചെയ്യുന്നവയോ അപഹസിക്കുന്നവയോ ആണ്. അക്ബർ ചക്രവർത്തിയുടെ രാജസദസ്സിലെ അംഗമായിരുന്ന ബീർബലിന്റെയും കൃഷ്ണദേവരായരുടെ സന്തതസഹചാരിയായിരുന്ന തെന്നാലിരാമന്റെയും കഥകൾ ഉദാഹരണങ്ങളാണ്. അധികാരത്തിന്റെ പൊള്ളത്തരത്തെ തുറന്നുകാട്ടുന്നവയാണ് ഈ കഥകൾ. രാജാക്കന്മാർ സാധാരണക്കാരിൽ നിന്ന് ഏറെയൊന്നും വ്യത്യസ്തരല്ല എന്ന് തെളിയിക്കുകയും ചെയ്യുന്നു. കേരളത്തിൽ പ്രചാരമുള്ള കൂത്തും, ഓട്ടം തുള്ളലും അധികാര സ്ഥാനങ്ങൾ അലങ്കരിക്കുന്നവരെ വ്യംഗ്യ പ്രയോഗങ്ങളിലൂടെ പരിഹസിക്കുന്നവയാണ്. അധികാരം എത്രതന്നെ ശക്തമായാലും ചോദ്യം ചെയ്യാതെ പോകുന്നില്ല. ഒരു സമൂഹത്തിലെ വൈവിധ്യമാർന്ന സർഗ്ഗാത്മകത അതിന് സഹായകമാകുകയും ചെയ്യുന്നു. ഈ പ്രക്രിയയിൽ ഒരു വലിയ പങ്കുവഹിക്കുന്നത് സാഹിത്യമാണ്. ഡോ. കേശവൻ വെളുത്താട്ട് സംസ്കൃതത്തിൽ നിന്ന് വിവർത്തനം ചെയ്ത *മഹിഷശതകമെന്ന* കൊച്ചുകൃതി ഇതിന് ഒരു മകുടോദാഹരണമാണ്.

പതിനെട്ടാം നൂറ്റാണ്ടിലെ തഞ്ചാവൂരാണ് ഈ കൃതിയുടെ രാഷ്ട്രീയസാമൂഹ്യ പശ്ചാത്തലം. ഒരു ഇരുളടഞ്ഞ കാലഘട്ടമായി

ഇന്നാരും പതിനെട്ടാം നൂറ്റാണ്ടിനെ പരിഗണിക്കാറില്ലെങ്കിലും തഞ്ചാവൂരിലെ ഭരണത്തിന് വലിയ കോട്ടം തട്ടിയ കാലമായിരുന്നു ഇത്. അതിന് മുമ്പ് തഞ്ചാവൂർ തെക്കേ ഇന്ത്യയിലെ സംസ്കാരിക കേന്ദ്രമായാണ് അറിയപ്പെട്ടിരുന്നത്. ദുർബലരും അസന്മാർഗ്ഗികളുമായ രാജാക്കന്മാർ ഭരണമേറ്റെടുത്തതോടെ ഈ പ്രശസ്തി അവസാനിക്കുകയും രാഷ്ട്രീയവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥ സംജാതമാകുകയും ചെയ്തു. 'കുട്ടികവി' എന്ന പേരിലറിയപ്പെട്ടിരുന്ന വാഞ്ഛേശ്വര ദീക്ഷിതർ. അതുകൊണ്ട് നിലവിൽ വന്ന ദുഷ്പ്രഭുത്വത്തെയും ഭരണപരമായ അരാജകത്വത്തെയും തന്റെ പരിഹാസത്തിനും വിമർശനത്തിനും ശരവ്യാക്കുന്നു.

വളരെ നിശിതമായ രാഷ്ട്രീയവിമർശനം ഉൾക്കൊള്ളുന്നതാണ് ഈ കൃതി. അധികാരപദവിയിലിരിക്കുന്നവരെ അപഹസിക്കുന്നതും വിമർശിക്കുന്നതും ഇന്ത്യയുടെ ധൈഷണിക പാരമ്പര്യത്തിന് അന്യമല്ലെന്ന് മുൻപ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അവ മിക്കവാറും പരോക്ഷമായാണ് നിറവേറ്റപ്പെടാറുള്ളത്. *മഹിഷശതക*ത്തിൽ ഉപയോഗിച്ചിട്ടുള്ള രീതി ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ചെറുപ്പകാലം മുതൽ കവന പാടവം പരിശീലിച്ച കവി - അദ്ദേഹം രാജാവിന്റെ പ്രശംസയ്ക്കും പദവികൾക്കും പാത്രീഭൂതനായിരുന്നു - യ്ക്ക് വ്യംഗ്യരൂപേണ ആക്ഷേപിക്കാൻ അറിയാതെയല്ലെന്ന് വ്യക്തം. ശക്തമായ ഭാഷയിൽ നേരിട്ടുള്ള വിമർശന രീതി സ്വീകരിച്ചത് ബോധപൂർവ്വം തന്നെയായിരിക്കണം. തഞ്ചാവൂരിലെ ഭരണാധികാരികളുടെ അധികാരപ്രമത്തതയും സാംസ്കാരിക ജീർണ്ണതയുമാണ് കവിയുടെ വിമർശനത്തിന് ലക്ഷ്യമാക്കുന്നത്. രാജാവിനെയും പ്രഭുക്കളെയും വഷളന്മാരും അസഭ്യന്മാരും എന്നാണ് കവി വിശേഷിപ്പിക്കുന്നത്. കൂടാതെ രാജാവിനെ പോത്തായും പോത്തിനെ രാജാവായും സങ്കല്പിക്കുന്നു. ആക്ഷേപഹാസ്യത്തിന്റെ ഒരു നല്ല ഉദാഹരണമായി ഈ കൃതിയെ കണക്കാക്കാവുന്നതാണ്.

മഹിഷശതകം ഒരു ഒറ്റപ്പെട്ട സംഭവമാണോ ? അത് പ്രതിനിധാനം ചെയ്യുന്നത് ശക്തമായ ഒരു ധൈഷണിക പാരമ്പര്യത്തെയാണ് എന്നു വേണം കരുതാൻ. കാരണം പണ്ഡിതന്മാരെ ആദരിച്ചിരുന്ന കഴിഞ്ഞുപോയ ഒരു നല്ല കാലത്തെക്കുറിച്ചുള്ള ഗൃഹാതുരത്വം ഈ കൃതിയിൽ ഉടനീളം പ്രതിഫലിക്കുന്നു. പണ്ഡിതർക്ക് ഏതുകാലത്തും ആശ്രയമായി കരുതിയിരുന്ന ആ പഴയ രാജാക്കന്മാരെവിടെ, അറിവിനെ നഞ്ഞായി കാണുന്ന ഇന്നത്തെ വഷളന്മാരും അസഭ്യന്മാരുമെവിടെ ?
രാജാവിനെയും മറ്റു ഭരണാധികാരികളെയും വഷളന്മാരും അസഭ്യന്മാരുമായി വിശേഷിപ്പിക്കാനുള്ള കരുത്ത് മദ്ധ്യകാലഘട്ടത്തിൽ അനിതരസാധാരണമാണ്. വഷളന്മാരും അസഭ്യന്മാരും ഭരണം കയ്യാളുന്ന സാഹചര്യത്തിൽ ബൗദ്ധികപ്രവർത്തനങ്ങൾക്ക് പ്രസക്തിയില്ലെന്ന സൂചനയാണോ കവി നൽകുന്നത് ? കൃഷിയിലേയ്ക്ക് മടങ്ങാനും പോത്തിനെക്കുറിച്ച് നൂറ് ശ്ലോകങ്ങൾ രചിക്കാനുമാണ് കവി ആഹ്വാനം ചെയ്യുന്നത്. കൃഷിയെയും പോത്തിനെയും പ്രതിരോധത്തിന്റെ കണ്ണികളായി വീക്ഷിക്കുന്ന പ്രകൃതിയുമായി മനുഷ്യനുണ്ടാകേണ്ട പ്രാധാന്യത്തെയാണോ സൂചിപ്പിക്കുന്നത് ?

അവതാരിക

ഇന്ത്യൻ വൈഷണിക പാരമ്പര്യത്തിന്റെ പ്രതിരോധസാദ്ധ്യതകളുടെ ക്രിയാത്മകധാരയെ പ്രതിനിധാനം ചെയ്യുന്നതാണ് ഈ കൃതി. സാഹിത്യ കലാസൃഷ്ടികളുടെ രാഷ്ട്രീയമാനത്തിലേയ്ക്ക് അത് ശ്രദ്ധക്ഷണിക്കുന്നു. അതിലൂടെ പ്രകടമാകുന്ന പ്രതിബദ്ധതയാണ് ഈ കൊച്ചു കൃതിയ്ക്ക് ഒട്ടേറെ പ്രാധാന്യം നൽകുന്നത്. ഒരു ഫ്യൂഡൽ സമുദായത്തിൽ രാജാവിനെ പോത്തായി വിഭാവനം ചെയ്യാൻ ധൈര്യപ്പെടുന്ന വൈഷണിക സ്വാതന്ത്ര്യം വിരളമാണ്. സ്വേഛാധിപത്യം നിലനിൽക്കുന്ന സാഹചര്യങ്ങളിലും ക്രിയാത്മകത്വം പ്രതിരോധസാധ്യതകൾ കണ്ടെത്തുന്നതിന്റെ ഒരു ഉദാഹരണമായി ഈ കൃതിയെ പരിഗണിക്കാം.

ഈ കൃതി മലയാളവായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഡോ.കേശവൻ വെളുത്താട്ട് അഭിനന്ദനമർഹിക്കുന്നു. ഇതിന്റെ പ്രസിദ്ധീകരണം നിർവഹിക്കാൻ കഴിഞ്ഞതിൽ കേരള ചരിത്രഗവേഷണ കൗൺസലിന് ചാരിതാർത്ഥ്യമുണ്ട്. ഈ ഗ്രന്ഥം വായനക്കാരുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എൻ.പണിക്കർ
ചെയർമാൻ,
കേരള ചരിത്ര ഗവേഷണ കൗൺസിൽ,
തിരുവനന്തപുരം.

പീഡാകാലത്തെ പൊട്ടിച്ചിരി

വൈദികവാങ്മയത്തിലെ ഗാഥാനാരശംസികളിലും പഴന്തമിഴ്പ്പാട്ടുകളിലെ അരചർ വാഴ്ത്തുകളിലും തുടങ്ങി, മദ്ധ്യകാലത്തെ രാജപ്രശസ്തികളിലൂടെ വളർന്ന്, ഈയടുത്ത കാലത്തുപോലും പ്രചാരത്തിലിരുന്ന തിരുനാൾമംഗളങ്ങളിൽ എത്തിനിന്ന വാഴ്ത്തുപാട്ടുകളല്ലാതെ രാജവാഴ്ച്ചയെയും രാഷ്ട്രീയത്തെയും വിമർശിക്കുന്ന പരിപാടികളൊന്നും ഇന്ത്യയിൽ ഉണ്ടായിരുന്നില്ലെന്നാണ് പൊതുവേ ഒരു ധാരണ. ഇവിടെ രാജാക്കന്മാർ ഉച്ഛൃംഖലമായ അധികാരം നടത്തിപ്പോന്നു; അവരെ നിയന്ത്രിക്കാൻ കഴിവുള്ള ഒരു രണ്ടാം നിരയാവട്ടെ, ഇവിടുത്തെ മണ്ണിൽ വേരോടിയതുമില്ല. ഈയൊരു രാഷ്ട്രീയരൂപമുള്ള സാമൂഹ്യഘടനയാണ്, പാശ്ചാത്യ രാഷ്ട്രമീമാംസകർ ഇന്ത്യയിൽ കണ്ടത്. അവരതിനെ Oriental Despotism (പൗരസ്ത്യ സ്വേച്ഛാധിപത്യം) എന്നു വിളിച്ചു. വായ നാറുന്ന തരം സേവ പറച്ചിലല്ലാതെ സ്വന്തം തടിയിന്മേൽ തട്ടുന്ന വിമർശനം ഇത്തരമൊരു രാഷ്ട്രീയാന്തരീക്ഷത്തിൽ അസാധ്യമാണല്ലോ. ഇന്ത്യയിൽ രാഷ്ട്രീയവിമർശനം തീരേ ഇല്ലെന്ന ധാരണ രൂഢമൂലമാവാൻ ഈ ന്യായവാദം കാരണമായി. രാജാവും ഭരണകൂടങ്ങളും കാട്ടുന്ന തോന്നിവാസങ്ങളെല്ലാം വെറുതേ നോക്കിക്കണ്ട്, തിരുവായക്കെതിർവായയില്ലാതെ, കഴിഞ്ഞുകൂടിയ ഒരു കൂട്ടം നപുംസകങ്ങളായിരുന്നു, ഇന്ത്യക്കാരെന്ന ആ വാദം ബ്രിട്ടിഷ് സാമ്രാജ്യാധിപതികൾക്ക് സൗകര്യമായിരുന്നുവെങ്കിലും തെളിവുകൾക്കെതിരാണ്. ധർമ്മശാസ്ത്രങ്ങൾ അനുശാസിക്കുന്ന രാജസദസ്സിലെ നർമ്മസചിവനും സംസ്കൃതനാടകങ്ങളിലെ വിദൂഷകനും ഈ ധർമ്മം ഭംഗിയായി നിർവഹിച്ചു. കൂടിയാട്ടത്തിലും കൂത്തിലുമൊക്കെ ചാക്യാന്മാർ രാജാക്കന്മാരെ വിറപ്പിച്ചിരുന്ന കഥ കേരളീയർക്കെങ്കിലും സുപരിചിതമാണ്. രാജാവിനോടും ഭരണത്തോടുമുള്ള വിപ്രതിപത്തി അന്യാപദേശരീതിയിലും നേരിട്ടും കുറേശ്ശെയൊക്കെ വേറെയും പ്രകടിപ്പിക്കപ്പെട്ടു. ഇത്തരം രാഷ്ട്രീയവിമർശനത്തിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമായി വേണം, ഇവിടെ അവതരിപ്പിക്കുന്ന *മഹിഷശതകമെന്ന* കൃതി വായിക്കാൻ.[1]

---

[1] ഈ കൃതി എന്റെ ശ്രദ്ധയിൽ പെടുത്തിയത് പ്രശസ്ത സംസ്കൃത പണ്ഡിതനായ പ്രൊഫെസ്സർ പിയർ-സിൽവാൻ ഫിലിയോസാ ആണ്. എണ്ണമറ്റ ഇ-മെയ്‌ലുകളിലൂടെയും അറ്റമില്ലാത്ത ചർച്ചകളിലൂടെയും ഞങ്ങൾ ഈ കൃതിയെക്കുറിച്ച് സംവദിച്ചു. താൻ തയ്യാറാക്കിയ ഒരു ഫ്രെഞ്ച് വിവർത്തനം പ്രസിദ്ധീകരിക്കുന്നതിനു മുൻപേ അദ്ദേഹം എനിക്കു തന്നു. ഇതിനൊക്കെ ഞാൻ അദ്ദേഹത്തോട് ഏറെ കടപ്പെട്ടിരിക്കുന്നു. പലേടത്തും അഭിപ്രായവ്യത്യാസം തോന്നിയിട്ടുണ്ടെങ്കിലും അതുപോലും അദ്ദേഹത്തോടുള്ള

പതിനെട്ടാം നൂറ്റാണ്ടിലെ തഞ്ചാവൂരിൽ ജീവിച്ചിരുന്ന ഒരു മഹാപണ്ഡിതനാണ്, ഇതിന്റെ കർത്താവ് – വാഞ്ഛേശ്വര ദീക്ഷിതരെന്നു പേര്; 'കുട്ടികവി'യെന്ന് ബിരുദവും. ഈ കൃതി രചിക്കാനുണ്ടായ സാഹചര്യം കവിയുടെ നപ്താവും കൃതിയുടെ വ്യാഖ്യാതാവുമായ വാഞ്ഛേശ്വരയജ്വാവ് ഇങ്ങനെ വിവരിക്കുന്നു:

> പണ്ഡിതന്മാരെക്കൊണ്ടു വിളങ്ങുന്ന കാവേരീതീരം. മേലേക്കിടയിലുള്ള ശിവ വിഷ്ണുക്ഷേത്രങ്ങൾ; തഞ്ചാവൂരെന്ന കിടയറ്റ രാജധാനി. അവിടെ ഭോസലെ വംശത്തിൽപ്പെട്ട പേരുകേട്ട രാജാക്കന്മാർ ഉണ്ടായിരുന്നു. വേദവേദാംഗങ്ങളുടെ കരകടന്നവനും ബുദ്ധിമാനും കന്നടിജാതീയനുമായി അവരുടെ മന്ത്രിയായ വാഞ്ഛേശ്വരൻ അതാതുകാലത്ത് രാജാവിനെ നീതിമാർഗ്ഗത്തിൽ നയിച്ചുവന്നു. ഒരിക്കൽ കുട്ടിയായ രാജാവ് ദുഷ്ടന്മാരായ കുറേ കൂട്ടുകാരുടെ കൂട്ടിൽ പെട്ട് ഏതുനേരവും കളി മാത്രമായി, നല്ല വാക്കുകൾ കേൾക്കാതെയായി. രാജാവിനെ അവരിൽനിന്ന് പിൻതിരിപ്പിക്കാനും നല്ലവഴിക്ക് കൊണ്ടുവരാനും വേണ്ടി അദ്ദേഹം മഹിഷസ്തുതികൊണ്ട് രാജബുദ്ധിയെ കറയറ്റതാക്കി.[2]

ആദരവ് വർദ്ധിപ്പിക്കാനേ ഇടയാക്കിയുള്ളൂ. അദ്ദേഹത്തിന്റെ ഫ്രെഞ്ച് വിവർത്തനവും അതിന്റെ അവതാരികയും, വിശദാംശങ്ങൾ പലതും സാദരം നിരാകരിക്കുമ്പോൾ പോലും, ഞാൻ നന്നായി ഉപയോഗിച്ചിട്ടുണ്ട്. *Mahiṣa śatakam: Vāñcheśvarakavipraṇītam, La Centurie de buffle* de Kuṭṭikavi, Edition et traduition par Pierre-Sylvain Filliozat, *Bulletin d 'Études Indiennes*, N°21.2, 2003, Association Française pour les Études Indiennes, Paris. Script: Nāgarī (and Roman for the French part). (താഴെ *മ.ശ.* എന്ന ചുരുക്കെഴുത്തുകൊണ്ടു സൂചിപ്പിക്കുന്നത് ഈ പതിപ്പിനെയാണ്.) ഈ കൃതിയുടെ മറ്റു രണ്ടു പതിപ്പുകളും ഉണ്ടായിട്ടുണ്ട്: a) *Mahiṣaśatakaṃ* by Kuṭṭikavi, resident of Śahajimahārājapura or Tiruviśanallūr in the district of Tanjore, with the commentary entitled *Śleṣārthacandrikā* of Vāñcheśvara, editd by Rāmakṛṣṇamācārya of Vaṅgipuram with the assistance of Mahāliṅgaśāstrin of Śahajimahārājapura, published by Raṅgācārya of Vaṅgipuram at Sarasvatīnilaya Press in 1875 samvat (AD 1932). Script: Telugu. b) *Mahisha Śatakam of Sri Vanchesvarakavi, with the commentary Slesharthachandrika of his great-grandson Sri Vanchesvara Yajva,* with Sanskrit Prastavana by K.S.Venkatarama Sastri and an English introduction by R. Krishnaswami Iyer M.A., B.L., Advocate, Tinnevelly, edited by Gurubhaktasikhamani, Sastraprasarabhushana T.K.Balasubrahmanya Aiyar, B.A., Dharmadhikari, Sri Sankaragurukulam, Srirangam, 1946, IV, 8, 60 pages. Script: Nāgarī. ഇതിൽ നാഗരലിപിയിലുള്ള പതിപ്പ് തഞ്ചാവൂരെ പ്രൊഫെസ്സർ സുബ്ബരായലു എനിക്ക് സംഘടിപ്പിച്ചു തന്നു.

---

[2] വാഞ്ഛേശ്വരദീക്ഷിതരുടെ ശ്ലേഷാർത്ഥചന്ദ്രികയുടെ ആമുഖം കാണുക.

എന്നാൽ കവി പറയുന്നതോ, ഇങ്ങനെ: "പണ്ഡിതർക്ക് ഏതു കാലത്തും ആശ്രയമരുളിയിരുന്ന ആ പഴയ രാജാക്കന്മാരെവിടെ, അറിവിനെ നഞ്ഞായി കാണുന്ന ഇന്നത്തെ വഷളന്മാരും അസഭ്യന്മാരും എവിടെ? എന്തുചെയ്യാം, കൃഷിതന്നെ ശരണം" (3-ാം ശ്ലോകം). എന്നുവെച്ച് താൻ സ്വന്തം ഗ്രാമത്തിലേക്കു മടങ്ങി. "തന്നെ രക്ഷിക്കുന്ന വൻ തനിക്കുടയവൻ" എന്ന പ്രസിദ്ധതത്ത്വം അനുസരിച്ച് പലവിധ ത്തിലും തന്നെ രക്ഷിച്ചു പോരുന്ന പോത്തിനെ സ്തുതിച്ചു കൊണ്ട് താൻ നൂറു ശ്ലോകങ്ങൾ ഉണ്ടാക്കി. യാതൊരു ഗുണവുമില്ലാത്ത ഒരു നീചമൃഗ ത്തെക്കുറിച്ച് ശ്ലോകങ്ങളുണ്ടാക്കാൻ മെനക്കെടുന്നത് വർണ്ണ്യവസ്തു വിന്റെ മേന്മ കൊണ്ടല്ലെന്നും തന്നെ ദ്രോഹിക്കാൻ നടക്കുന്ന ആ ദുഷ്ടന്മാരായ അധികാരികളോടുള്ള ഈറ കൊണ്ട് അവരെ നിന്ദിക്കാനും വാക്കുകൊണ്ട് ശിക്ഷിക്കാനുമാണെന്നും കവി ആദ്യം തന്നെ പറയുന്നുണ്ട് (10). ഒരു ദയയുമില്ലാത്ത പരിഹാസവും വിമർശനവുമാണ്, അവിടുന്നങ്ങോട്ട്. വ്യാഖ്യാതാവു പറയുമ്പോലെ ദുർബുദ്ധിയായ ഒരു രാജാവിനെ പാട്ടും പാടി നന്നാക്കിയ കഥയല്ല, ഇതെന്നു ചുരുക്കം. ഇതിന്റെ പശ്ചാത്തലത്തിലേക്ക് ഒന്ന് എത്തിനോക്കാം.

ചോഴതലസ്ഥാനമായിരുന്ന തഞ്ചാവൂർ തെക്കേ ഇന്ത്യ യിലെ വലിയൊരു സാംസ്കാരികകേന്ദ്രമായിരുന്നു. ചോഴന്മാരുടെ അപചയ ത്തിനുശേഷം ആ പ്രദേശം വിജയനഗര ചക്രവർത്തിമാരുടെ ഭരണത്തിൻ കീഴിലായി. ആ സാമ്രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെന്ന പോലെ തഞ്ചാവൂരും "നായ്ക്കന്മാർ" എന്നറിയപ്പെട്ട പ്രഭുക്കന്മാരാണ് ഭരിച്ചിരുന്നത്. പതി നേഴാം നൂറ്റാണ്ടിൽ ആ സാമ്രാജ്യത്തിന്റെ പ്രഭാവം അസ്തമിച്ചപ്പോൾ അതാതു നായ്ക്കന്മാർ അവിടവിടെ രാജാക്കന്മാരായി. അങ്ങനെ ബിദനൂരും ചെഞ്ചിയിലും മധുരയിലുമൊക്കെപ്പോലെ തഞ്ചാവൂരും ഒരു സ്വതന്ത്രരാജ്യം ഉടലെടുത്തു. ചോഴകാലത്തുണ്ടായിരുന്ന രാഷ്ട്രീയശക്തി തീർത്തും ക്ഷയിച്ചിരുന്നെങ്കിലും ചോഴരാജാക്കന്മാർ ഉദ്ഘാടനം ചെയ്ത സാംസ്കാരികമായ മേന്മ നായ്ക്കന്മാരുടെ നേതൃത്വത്തിലും തുടർന്നു വന്നു. ഇങ്ങനെ തഞ്ചാവൂർ ഭരിച്ചിരുന്ന നായ്ക്കന്മാരുടെ ഉപദേഷ്ടാക്ക ളായിരുന്നു, കവിയുടെ പൂർവന്മാർ.

ഈ കുടുംബത്തിന്റെ തുടക്കം കർണ്ണാടകത്തിൽ നിന്നാണ്.[3] "കന്നടിജാതീയൻ" എന്ന് ഈ കൃതിയുടെ കർത്താവായ വാഞ്ചേശ്വ രദീക്ഷിതരെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രപൗത്രൻ പറയുന്നുണ്ടല്ലോ. ശൃംഗേരി മഠത്തിലെ ശങ്കരാചാര്യന്മാരുമായി ഏറെ അടുപ്പമുള്ളവരായി രുന്നു ഇവർ. ആ മഠവും വിജയനഗരവും തമ്മിലുള്ള ബന്ധം പ്രസിദ്ധമാണല്ലോ. വിജയനഗരചക്രവർത്തിയായ അച്യുതരായരുടെ

---

[3] ഈ കുടുംബത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ *മ.ശ.*, അവതാരിക, പുറം 3-5ൽ നിന്ന് എടുത്തതാണ്.

ആപ്തനായിരുന്ന ചെവ്വപ്പനായ്ക്കന്റെ സുഹൃത്തായിരുന്നു, പണ്ഡിതനായ ഗോവിന്ദദീക്ഷിതർ. അച്യുത രായരുടെ ഭാര്യ തിരുമലാംബയുടെ സഹോദരി മൂർത്തിമാംബയെ വിവാഹം ചെയ്ത ചെവ്വപ്പനായ്ക്കന് സ്ത്രീധനമായി തഞ്ചാവൂരിലെ നായകത്തനം കിട്ടി. ചെവ്വപ്പനായ്ക്കനോടൊപ്പം ഗോവിന്ദദീക്ഷിതരും തഞ്ചാവൂർക്കു പോന്നു. പാണ്ഡിത്യവും കവിത്വവും കൊണ്ട് ഏറെ പുകഴ്ന്നവരായിരുന്നു, ദീക്ഷിതരുടെ മക്കളായ യജ്ഞ നാരായണ ദീക്ഷിതരും വെങ്കടമഖിയും.

മഹാഭാരതം സംഗ്രഹിക്കുന്ന *ഹരിവംശസാരചരിത*മെന്ന ഒരു മഹാകാവ്യം, രാമായണം സുന്ദരകാണ്ഡത്തിന്റെ ഒരു വ്യാഖ്യാനം, സംഗീതത്തെക്കുറിക്കുന്ന *സംഗീതസുധാനിധി*യെന്ന ഒരു പ്രബന്ധം എന്നിവയുടെ കർത്താവായിരുന്നു, ഗോവിന്ദ ദീക്ഷിതർ. തഞ്ചാവൂരെ സദസ്സിലേക്ക് വിജയനഗരത്തിലെ സംഗീതപാരമ്പര്യം ആനയിച്ചത് ഗോവിന്ദദീക്ഷിതരാണ് (ശാസ്ത്രീയസംഗീതം തെന്നിന്ത്യയിലാകെ ഇന്നും 'കർണ്ണാടക സംഗീതം' എന്നാണല്ലോ, അറിയപ്പെടുന്നത്.) മീമാംസയുടെ രംഗത്തും *ഷഡ്ദർശന*മെന്ന ഒരു ഗ്രന്ഥം ഇദ്ദേഹം രചിച്ചു. മറ്റു പല നിലക്കും ഓർമ്മിക്കപ്പെടുന്ന ഒരാളാണ്, ഗോവിന്ദദീക്ഷിതർ. ചെവ്വപ്പനായ്ക്കന്റെ സദസ്സിൽ ശങ്കരന്റെ അദ്വൈതം, രാമാനുജന്റെ വിശിഷ്ടാദ്വൈതം, മധ്വന്റെ ദ്വൈതം എന്നിവയെക്കുറിച്ച് മഹത്തായ ഒരു സംവാദം ഇദ്ദേഹം സംഘടിപ്പിച്ചു. അപ്പയ്യദീക്ഷിതരും താതാചാര്യരും വിജയീന്ദ്ര തീർഥരുമാണ്, യഥാക്രമം ഓരോ ഭാഗത്തെയും പ്രതിനിധാനം ചെയ്തത്.

ഇദ്ദേഹത്തിന്റെ മകൻ യജ്ഞനാരായണദീക്ഷിതർ തഞ്ചാവൂർ നായ്ക്കന്മാരുടെ ആസ്ഥാനകവിയായിരുന്നു. തന്റെ പുരസ്കർത്താവായിരുന്ന രഘുനാഥനായ്ക്കനെപ്പറ്റി ഇദ്ദേഹം *രഘുനാഥഭൂപവിജയം* അഥവാ *സാഹിത്യരത്നാകരം* എന്ന ഒരു മഹാകാവ്യവും രഘുനാഥവിലാസം എന്ന ഒരു നാടകവും രചിച്ചിട്ടുണ്ട്. *അലങ്കാരരത്നാകര*മെന്ന മറ്റൊരു ഗ്രന്ഥത്തിൽ സംസ്കൃതത്തിലെ പ്രധാനപ്പെട്ട എല്ലാ അലങ്കാരങ്ങളെയും രാജസ്തുതിപരമായ പദ്യങ്ങളെക്കൊണ്ട് ഇദ്ദേഹം ഉദാഹരിക്കുന്നു. തന്റെ സമകാലീനായിരുന്ന ഈ പണ്ഡിതനെക്കുറിച്ച് മേല്പുത്തൂർ നാരായണഭട്ടതിരി ചമച്ചിട്ടുള്ള മൂന്നു പദ്യങ്ങൾ അടങ്ങുന്ന ഒരു കത്ത് പണ്ഡിതർ ഇ.വി. രാമൻ നമ്പൂതിരി കണ്ടെടുത്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്:

യുഷ്മദ്വൈദുഷ്യധൂതം ഖലു കടകഭുവി ത്രായതേ ഭോഗിരാജം
വാണീവേണീവിധൂതാമപി സുരസരിതം കങ്കടീകോ ജടായാം
ഇത്യേവം യജ്ഞനാരായണവിബുധമഹാദീക്ഷിതാ ശത്രുവർഗ-
ത്രാണാദ്ദേവസ്യ തസ്യാപ്യപഹരത ധിയാ സാധു സാർവജ്ഞഗർവം

യുഷ്മാദേവ ക്ഷിതീശോ വിപുലനയവിധിസ്തിഷ്ഠതേ രാജ്യദൃഷ്ട്യാ
തിഷ്ഠദ്ധ്വോ യൂയമേവ പ്രഥിതബുധജനേ സന്ദിഹാനേ സമേതേ
യുഷ്മദ്ഭ്യം തിഷ്ഠതേ കസ്ത്രിദശഗുരുസമാനോഽപി യുഷ്മാദൃശന്യഃ
പ്രജ്ഞാലൂൻ യജ്ഞനാരായണവിബുധമഹാദീക്ഷിതാൻ വീക്ഷതേ കഃ

അസ്വസ്ഥാഃ കേരളീയാസ്സ്വയമതിമൃദവസ്തത്ര ചാഹം വിശേഷാ-
ത്സാർവേ ദൂരപ്രചാരേ ഖലു ശിഥിലധിയഃ കിംപുനർദേശഭേദേ
ഏവം ഭാവ്യേഽപി ദൈവാൽ കുഹചന സമയേ കല്യതാ കല്യതേ ചേൽ
പ്രജ്ഞാബ്ധീൻ യജ്ഞനാരായണവിബുധമഹാദീക്ഷിതാനീക്ഷിതാഹേ[4]

യജ്ഞനാരായണദീക്ഷിതരുടെ അനുജൻ വെങ്കിടേശ്വരദീക്ഷിതർ അഥവാ വെങ്കടമഖി വലിയൊരു പണ്ഡിതനും പേരു കേട്ടൊരു സംഗീതജ്ഞനുമായിരുന്നു. ഇദ്ദേഹം രഘുനാഥന്റെയും അവസാനത്തെ നായ്ക്കനായ വീര രാഘവന്റേയും സദസ്യനായിരുന്നു.[5]

നായ്ക്കന്മാരുടെ കയ്യിൽനിന്ന് മറാട്ട രാജാവായ ശിവജിയുടെ സഹോദരൻ എക്കോജി തഞ്ചാവൂർ പ്രദേശം പിടിച്ചടക്കി. 1683ൽ എക്കോജിയുടെ മരണശേഷം വെങ്കജി കുറച്ചുകാലം ഭരിച്ചെങ്കിലും 1687ൽ അദ്ദേഹം മരിച്ചതിനെത്തുടർന്ന് ശഹജി രാജാവായി. വെങ്കടമഖി അവരുടെ കൂടെ കൂടി. തഞ്ചാവൂരിലെ പുതിയ ഈ ഭോസലെ രാജാക്കന്മാർ സംസ്കൃത സാഹിത്യത്തെയും സംസ്കാരത്തെയും പ്രോത്സാഹിപ്പിക്കുന്നതിൽ ഒട്ടും പിന്നിലായിരുന്നില്ല. 1710 വരെ രാജ്യം ഭരിച്ച ശഹജി സ്വയം ഒരു പണ്ഡിതനായിരുന്നു; പണ്ഡിതരെ അങ്ങേയറ്റം സഹായിക്കുകയും ചെയ്തു. കുംഭകോണത്തിനടുത്ത് തിരുവിശനല്ലൂരിൽ ശഹരാജേന്ദ്രപുരം എന്ന ഒരു അഗ്രഹാരം അദ്ദേഹം ബ്രാഹ്മണർക്കു ദാനം ചെയ്തു. ഗോവിന്ദദീക്ഷിതരുടെ സന്തതിപരമ്പരയിൽ പെട്ട

---

[4] സോമദേവദീക്ഷിതരെന്നും യജ്ഞനാരായണദീക്ഷിതരെന്നുമുള്ള ചോഴദേശീയരായ രണ്ടു പണ്ഡിതന്മാർക്ക് മേല്പത്തൂർ ഭട്ടതിരിപ്പാട് അയച്ച കത്തിൽനിന്നാണ്, ഈ ശ്ലോകങ്ങൾ. ഇവ കണ്ടെടുത്ത് പ്രസിദ്ധപ്പെടുത്തിയത് ഇ.വി. രാമൻ നമ്പൂതിരിയാണ്. മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ഫെബ്രുവരി 5, 1939. വടക്കുംകൂർ രാജരാജവർമ്മരാജാവവർകൾ ഈ കത്ത് തന്റെ *കേരളീയസംസ്കൃതസാഹിത്യചരിത്ര*ത്തിൽ ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. രണ്ടാം പതിപ്പ്, കാലടി, 1997, വാല്യം 3, പുറം 27.

[5] തഞ്ചാവൂരെ നായ്ക്കന്മാരുടെ കീഴിലെ സാംസ്കാരികാന്തരിക്ഷം വിശദമായി ചർച്ച ചെയ്യുന്ന ഒരു പുസ്തകമുണ്ട്: Velcheru Narayana Rao, David Shulman and Sanjay Subrahmanyam, *Symbols of Substance : Court and State in Nāyaka Period Tamilnadu*, New Delhi, 1992. സംസ്കൃതസാഹിത്യത്തിന്റെ അവിടുത്തെ അവസ്ഥയെക്കുറിച്ച്, പക്ഷേ, ഈ പുസ്തകം ചർച്ച ചെയ്യുന്നില്ല. വാസ്തവത്തിൽ തഞ്ചാവൂരെ നായ്ക്കന്മാരും തുടർന്നു വന്ന മറാട്ട രാജാക്കന്മാരും സംസ്കൃതത്തെ പ്രോത്സാഹിപ്പിച്ചതിനെക്കുറിച്ച് വിശദമായ പഠനമൊന്നും നടന്നിട്ടില്ല.

ചിലർക്കും ഈ അഗ്രഹാരത്തിൽ ഭൂമി കിട്ടി. അവരുടെ പിന്മുറക്കാരി ലൊരാളാണ്, നമ്മുടെ കവി. ശഹരാജേന്ദ്രപുരത്തെ ക്കുറിച്ച് ഇദ്ദേഹം ഇങ്ങനെ പറയുന്നു:

> ശ്രീശഹരാജേന്ദ്രപുരേ
> ശ്രീശഹരാജേന്ദ്രവിഷ്ടപൈഃ സദൃശേ
> (ശ്രീശൻ (വിഷ്ണു), ഹരൻ (ശിവൻ), അജൻ (ബ്രഹ്മാവ്), ഇന്ദ്രൻ എന്നിവരുടെ സ്വർഗത്തിനു തുല്യമായ ശഹരാജേന്ദ്രപുരത്തിൽ.)

കുട്ടിക്കാലത്തുതന്നെ വാഞ്ചേശ്വരൻ തന്റെ ബുദ്ധിയും കവനപാടവവും പ്രദർശിപ്പിച്ചു. ശഹജി മഹാരാജാവിനോടൊപ്പം ഒരിക്കൽ ഇദ്ദേഹം മധുര മീനാക്ഷിക്ഷേത്രം സന്ദർശിച്ചു. കവിയായ രാജാവ് അവിടെവെച്ച് മീനാക്ഷിയെപ്പറ്റി ഒരു ശ്ലോകം ഉണ്ടാക്കി ച്ചൊല്ലി:

> പുരി മധുരം ഗിരി മധുരം ഗരിമധുരസ്ധരനിതംബഭാരാഢ്യം
> സ്ഥൂലകുചം നീലകചം ബാലകലാചന്ദ്രാങ്കിതം തേജഃ

രാജാവ് ഒന്നു നിർത്തിയപ്പോൾ കുട്ടിയായ വാഞ്ചേശ്വരൻ ഇങ്ങനെ ചൊല്ലി:

> ഹൃദി തരസാ വിദിതരസാ തദിതരസാഹിത്യവാങ് ന മേ ലഗതി
> കവിലോകേ ന വിലോകേ ഭുവി ലോകേശസ്യ ശാഹജേരുപമാ.

അദ്ഭുതസ്തബ്ധനായ രാജാവ് അവിടെ വെച്ചുതന്നെ വാഞ്ചേശ്വരനെ "കുട്ടികവി" എന്ന് വിളിച്ചാദരിച്ചു. ശ്ലേഷാല ങ്കാരത്തിന്റെ പ്രയോഗത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം മുൻനിർത്തി "ശ്ലേഷചക്രവർത്തി"യെന്ന ഒരു ബിരുദവും ശഹജി അദ്ദേഹത്തിന് കല്പിച്ചുനൽകി. കുട്ടികവി തന്റെ പൂർവികന്മാരെപ്പോലെ രാജസ്ഥാനത്തോട് അങ്ങേയറ്റം കൂറു കാണിച്ചു. ശഹജിയും ഏറെ ബഹുമാനത്തോടെ ഇദ്ദേഹത്തോടു പെരുമാറി.[6] എന്നാൽ എല്ലാ കാലത്തും സ്ഥിതിഗതികൾ ഒരേപോലെയായിരുന്നില്ല. ശഹജിയെത്തു ടർന്നു രാജാക്കന്മാരായ ശരഭോജിയും തുലലാജിയും ദുർബലരായിരുന്നു. തുലലാജി സാഹിത്യവും സംഗീതവുമൊക്കെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചുവെന്നു മാത്രം. അദ്ദേഹത്തിന്റെ പിന്മുറക്കാർ വ്യത്യസ്തരായിരു ന്നു. അഞ്ചു മക്കളായിരുന്നു, അദ്ദേഹത്തിന്: ഇവരിൽ രണ്ടാൾ "പിറക്കാത്ത മക്ക"ളായിരുന്നു. അവരിലൊരാളായ പ്രതാപസിംഹൻ ദുർബലനായ സയ്യാജിയെ സ്ഥാനഭ്രഷ്ടനാക്കി 1729ൽ അധികാരം പിടിച്ചെടുത്തു. സമകാലികപാശ്ചാത്യ രേഖകൾ ഇയാളെ "കള്ളത്തഞ്ചാ വൂരാൻ" (the wily Tanjorean) എന്ന് വിശേഷിപ്പിക്കുന്നു. മദ്യപാനത്തിലും സ്ത്രീസേവയിലും ഇയാൾ കാണിച്ച താത്പര്യം കുപ്രസിദ്ധമായിരുന്നു. ശരഭോജി മുതലായവർ പണികഴിപ്പിച്ച

[6] ഈ വിശദാംശങ്ങൾ *മ.ശ.*, അവതാരിക, പുറം 9–11ൽ നിന്ന് എടുത്തതാണ്.

സത്രത്തങ്ങളുടെ ചുമരിന്മേൽ മഹാഭാരതത്തിലേയും മറ്റും കഥകൾ കൊത്തി വെപ്പിച്ചപ്പോൾ പ്രതാപസിംഹൻ കെട്ടിച്ചവയിൽ മൈഥുനരംഗങ്ങളാണുള്ളത്!

നീചനായ രാജാവു മാത്രമായിരുന്നില്ല, പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ തഞ്ചാവൂരിന്റെ ശാപം. 1730ൽ അവിടെ കൊടിയൊരു ക്ഷാമം ഉണ്ടായി.[7] ഫലഭൂയിഷ്ഠമായ കാവേരീതടം ദാരിദ്ര്യത്തിന്റെ കൂത്തരങ്ങായി. നാഗപട്ടണത്തു നിന്നും മറ്റും ഇക്കാലത്ത് വൻതോതിൽ അടിമകളെ കയറ്റി അയച്ചിരുന്നതായി ബ്രിട്ടിഷ് രേഖകളിൽ കാണുന്നു. ബ്രിട്ടിഷുകാർ പ്രതാപസിംഹനെതിരായി പട്ടാളത്തെ ഉപയോഗിച്ച് ആക്രമണം നടത്തിയതും ഇക്കാലത്താണ്. തെക്കേ ഇന്ത്യയിൽ ഫ്രെഞ്ചുകാരോടു ചെറുക്കാൻ ബ്രിട്ടിഷുകാർ കർണാട്ടിക്ക് നവാബിന്റെ പക്ഷം പിടിച്ചതും ഘോരമായ യുദ്ധങ്ങൾക്ക് ആ പ്രദേശം മുഴുവൻ അരങ്ങായതും പ്രസിദ്ധമാണല്ലോ. ജലസേചനത്തിനുള്ള ചിറവരമ്പുകൾ തകർത്തും മറ്റു പലവിധത്തിൽ നരനായാട്ടിലേർപ്പെട്ടും സംഹാരതാണ്ഡവമാടിയ ഹൈദർ ആലി ഈ പ്രദേശങ്ങളിൽ വൻനാശം വിതച്ചതും ഇക്കാലത്തുതന്നെ. ജീവിതം ദുരിതപൂർണ്ണമായതോടെ സാമൂഹ്യമായ എല്ലാ തിന്മകളും ആ നാട്ടിനെ വിഴുങ്ങി.

ഇക്കാലത്ത് തഞ്ചാവൂർ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ജെർമ്മൻ പയറ്റിസ്റ്റ് മിഷനറിയായിരുന്ന ക്രിസ്റ്റ്യാൻ ഫ്രെഡറിക് ഷാർട്സിന്റെ വിശദമായ വിവരണങ്ങൾ അന്നത്തെ അവിടുത്തെ അവസ്ഥ വ്യക്തമാക്കുന്നു. പരമയോഗ്യനായിരുന്ന ഷാർട്സിന്റെ സാക്ഷിമൊഴി വിശ്വാസയോഗ്യമാണ്. തന്റെ ചേലപ്പട്ടാളത്തിലേക്ക് ആളെ കൂട്ടാൻ പതിനായിരക്കണക്കിന് ജനങ്ങളെ ഹൈദർ ആലി മാർഗ്ഗം കൂട്ടി. നാടായ നാടുതോറും മൈസൂർപ്പട്ടാളം നടത്തിയ കൊലയും കൊള്ളയും കൊള്ളിവെപ്പും ബലാത്സംഗവും മൂലം ജീവിതം അസാധ്യമായി. കാർഷികോത്പന്നങ്ങൾ കവർന്നു കൊണ്ടു പോയതിനുപുറമേ അവർ ചിറവരമ്പുകളും വായ്ക്കാലുകളും മുറിച്ചിട്ട് വൻപിച്ച കൃഷിനാശവും വരുത്തി. ഷാർട്സ് എഴുതുന്നു[8]:

> ആയിരക്കണക്കിന് ആളുകളെ ഹൈദർ ആലി പിടിച്ചുകൊണ്ടു പോയതും ആയിരക്കണക്കിന് ആളുകൾ മരിച്ചതും വെച്ചു നോക്കുമ്പോൾ ഒഴിഞ്ഞുകിടക്കുന്ന വീടുകളും കാലിയായ ഗ്രാമങ്ങൾ തന്നെയും കാണുന്നത് ഒരു അദ്ഭുതമേയല്ല. ഖേദകരമായ ഒരു കാഴ്ച തന്നെയാണത്. ഞങ്ങൾ ഈ കോട്ടക്കകത്ത് വിശപ്പു കൊണ്ടും

---

[7] ഇവിടുന്നങ്ങോട്ടുള്ള ചരിത്രപരമായ വിശദാംശങ്ങൾക്ക് William Jackson, *Tyāgarāja: Life and Lyrics*, Delhi, 1991, 2002, pp.76-91 കാണുക.

[8] അതേ പുസ്തകത്തിന്റെ 87ാം പേജിൽ ഉദ്ധരിച്ചത്

കഷ്ടപ്പാടു കൊണ്ടും വലഞ്ഞു. രാവിലെ തെരുവുകളിലൂടെ നടക്കുമ്പോൾ ചാണകക്കൂനകളിൽ മനുഷ്യശവങ്ങൾ കൂമ്പാരമായി കിടക്കുന്നതു കാണാം. ഇത്തരം ദുരിതം ഞാൻ ഇതിനു മുൻപ് കണ്ടിട്ടില്ല. ഇനിയൊരിക്കലും ഇത്തരമൊന്ന് കാണാതിരിക്കാൻ എന്നെ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

അതിനു പുറമേ പകർച്ചവ്യാധികളും. ഇക്കാലത്ത് തരംഗപ്പാടിയെ (Tranquebar) ഭീകരമായ ഒരു ഛർദ്ദ്യതിസാരം ബാധിച്ചുവെന്ന് മിഷനറിമാർ സാക്ഷ്യപ്പെടുത്തുന്നു. ഇതും മറ്റു പകർച്ചവ്യാധികളും തിരുച്ചിറാപ്പള്ളി, തഞ്ചാവൂർ എന്നീ പ്രദേശങ്ങളേയും സാരമായി ബാധിച്ചു. കെടുകാര്യസ്ഥത, യുദ്ധം, വ്യാധികൾ, ബ്രിട്ടീഷ്-ഫ്രെഞ്ച്-ഡാനിഷ് രാഷ്ട്രീയകുതന്ത്രങ്ങൾ, നവാബിന്റെ ദൗഷ്ട്യങ്ങൾ, ക്രിസ്ത്യൻ മതപ്രചാരണശ്രമങ്ങൾ - ഒക്കെക്കൂടി ചോഴമണ്ഡലം ശരിക്കും ശതകം ചൊല്ലിയ കാലത്താണ്, *മഹിഷശതക*ത്തിന്റെ പിറവി. കവി കൃഷിയെ ആശ്രയിച്ച സന്ദർഭം നോക്കുക: ''കൃഷിചെയ്താൽ ദുർഭിക്ഷം ഉണ്ടാവില്ലെന്ന് നാട്ടിൽ പ്രസിദ്ധം; ആപദ്ധർമ്മമെന്ന നിലക്ക് ബ്രാഹ്മണർക്ക് കൃഷി, ഗോരക്ഷ എന്നിവ മനുപോലും അനുവദിച്ചിട്ടുമുണ്ട്. പണക്കൊതിയന്മാരായ രാജാക്കന്മാർ, ദുർഭിക്ഷത്താൽ പിഴച്ച കാലം: കഴിഞ്ഞു കൂടാൻ വേണ്ടി നമുക്ക് കൃഷിയെ ആശ്രയിക്കാം - അതു കൊണ്ട് എന്താണൊരു തരക്കേട്?'' (5) എന്നദ്ദേഹം ചോദിക്കുന്നു. ആറാമത്തെ ശ്ലോകത്തിൽത്തന്നെ യുദ്ധത്തോട് തനിക്കുള്ള പേടി - “ബിഭേമ്യാഹവാത്” - കവി വ്യക്തമാക്കുന്നുണ്ട്. പനിയും മററു വ്യാധികളും ചോണാട്ടിനെ എത്രമാത്രം ബാധിച്ചുവെന്ന് പണ്ഡിതന്മാർക്ക് പററിയ ഒരു ഉപദേശത്തിലൂടെ കവി കാണിക്കുന്നു: ''ഇഷ്ടമുള്ളതെല്ലാം തരുന്ന, മനുഷ്യരുടെ നേർബന്ധുവായ, പോത്തെന്ന തമ്പുരാനെ വിട്ടും കളഞ്ഞ്, എടോ ചങ്ങാതി, പനിയുടെ കൂടായ ശ്രീരങ്ഗമെന്ന പട്ടണത്തേക്ക് പോവരുത്. അവിടെ ഐശ്വര്യം അകലെയാണ്; അടുത്തള്ളതോ, കാലന്റെ പോത്തിന്റെ കഴുത്തിലെ മണിയൊച്ചയും.'' (8)

ഭീഷണമായ പീഡാകാലത്തോട് ഒരു പ്രതിഭാശാലി എങ്ങനെ പ്രതികരിച്ചുവെന്ന് ഈ കവിത കാണിച്ചുതരുന്നു. ഇവിടെ ഒരു താരതമ്യം സാധ്യമാണ്. ഇതേ കാലത്ത് ഇതേ നാട്ടിൽ ജീവിച്ചിരുന്ന മറ്റൊരു മഹാനായിരുന്നുവല്ലൊ, ത്യാഗരാജ സ്വാമികൾ. യുദ്ധം, ക്ഷാമം, ദാരിദ്ര്യം, ദുർഭരണം എന്നിവയൊക്കെ കാരണം നാട്ടിൽ പൊറുക്കാൻ നിവൃത്തിയില്ലാതെയായപ്പോൾ എല്ലാം കലികാലത്തിന്റെ വിദ്യയായും അതിനുള്ള ഒരേയൊരു പോംവഴി ഈശ്വരകൃപയൊന്നു മാത്രമായും അദ്ദേഹം കണ്ടു. ഭക്തി - കലർപ്പില്ലാത്ത ഭക്തി - അതൊന്നു മാത്രമാണ് ഈ ദുരിതത്തിൽനിന്ന് കര കയറുവാനുള്ള മാർഗ്ഗമെന്ന് ആത്മാർത്ഥമായി വിശ്വസിച്ച ഒരു നിർമ്മലമനസ്സിന്റെ ആവിഷ്കാരമാണ്, സ്വാമികളുടെ കീർത്തനങ്ങൾ. അവയിൽ ഏതെങ്കിലും ഒന്നെടുത്ത് “ഇത്

ഇന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ വായിക്കാം" എന്നു പറയാൻ പറ്റില്ലെങ്കിലും രാഷ്ട്രീയവും സാമൂഹ്യവുമായ ജീർണ്ണതയും സാമ്പത്തികമായ കഷ്ടപ്പാടും ആ പാട്ടുകളിൽ അനുരണനം ചെയ്യുന്നത് ആർക്കും കേൾക്കാം.[9] കൊട്ടാരത്തിൽ ചെന്നു പാടാൻ രാജകിങ്കരന്മാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ തന്റെ പാട്ട് ഭഗവത്സന്നിധിയിൽ മാത്രം എന്ന് ആ പരമഭാഗവതൻ മറുപടി പറഞ്ഞു. ഭക്തി കൊടുത്ത ധൈര്യമായിരുന്നു, അത്. എന്നാൽ തന്റെയും നാട്ടിന്റെയും ആ നിസ്സഹായാവസ്ഥയിൽ അദ്ദേഹം ചെയ്തത് ഈശ്വരനെ വിളിച്ചു കരയുകയാണ്. നമ്മുടെ കവിയാകട്ടെ, അതേ പരിതഃസ്ഥിതിയിൽ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ആ അട്ടഹാസത്തിന്റെ മുഴക്കം എവിടെയൊക്കെ ചെന്നു കൊള്ളുന്നുണ്ടെന്നോ!

ഈ കവിത പല ഭാഗങ്ങളായി കാണാം. പണ്ഡിതന്മാർക്കു സ്ഥാനം നഷ്ടപ്പെട്ട കൊട്ടാരത്തിന്റെ വാതുക്കൽ പാടുകിട ക്കുന്നതിന്റെ വ്യർത്ഥതയും കൃഷിയുടെ മേന്മയും ഉപന്യസിച്ച് രാജാവിനെയും ഉദ്യോഗസ്ഥന്മാരേയും ക്രൂരമായ വാക്കുകൾ കൊണ്ടു നേരേ വിമർശിക്കുന്ന ആദ്യത്തെ ഇരുപത്തിരണ്ടു പദ്യങ്ങളുള്ള ഒന്നാം ഭാഗം. പോത്തിന്റെ മേന്മയുപന്യസിക്കുന്ന മറ്റൊരിരുപത്തേഴു പദ്യം. പോത്തിൽ രാജത്വമാരോപിച്ച് രാജാവിനെ മുറക്ക് വെലിക്കളയുന്ന മറ്റു ചില പദ്യങ്ങൾ. കുറേ പദ്യങ്ങൾ സമകാലികസമൂഹത്തിലേയും സംസ്കാര ത്തിലേയും ജീർണ്ണത തുറന്നുകാട്ടി വിമർശിക്കുന്നു. ഇതിൽ ആദ്യത്തെ ഭാഗത്തിൽ തന്നെ തുടങ്ങുന്ന രാഷ്ട്രീയവിമർശനം കവിയുടെ തന്നെ ഭാഷയിൽ വാഗ്ദണ്ഡം തന്നെയാകുന്നു. മൂന്നാമത്തെ പദ്യം മുതല്ക്ക് ഇതു കാണാം. പഴയകാലത്തെ രാജാക്കന്മാരും അവരുടെ മന്ത്രിമാരും ആശ്രയിക്കുന്ന പണ്ഡിതസമൂഹത്തിന് അമൃതായിരുന്നപ്പോൾ ഇപ്പോഴത്തെ കൂട്ടർ വിദ്യയെ നഞ്ഞായി കാണുന്നവരാണ് (3). വേദവും ലോകവും അംഗീകരിച്ച കൃഷിയുടെ മേന്മ നേരിട്ടു കണ്ടിട്ടും ആൾക്കാർ രാജകൊട്ടാരത്തിന്റെ പുറംവാതിൽക്കൽ പാടു കിടക്കുകയെന്ന കൊടും നരകം കൊതിക്കുന്നത് അദ്ഭുതം തന്നെ (4). ശ്രീധരനെന്നും അംബുദീക്ഷിതരെന്നും രണ്ടു പണ്ഡിതർക്കുണ്ടായ ദുർഗതി കവി വിവരിക്കുന്നതിൽനിന്ന് (6-7) കാവ്യത്തിന്റെ ചരിത്രപരത സിദ്ധിക്കുന്നുവെന്ന് പ്രൊഫെസ്സർ ഫിലിയോസാ കരുതുന്നു. അതേതായാലും തന്റെ അനുഭവം തന്നെ മതി, പാണ്ഡിത്യത്തോട് തനിക്കുള്ള നിഷേധാത്മകമായ നിലപാട് വ്യക്തമാ കാൻ. വിദ്യകൊണ്ട് ഇക്കാലത്ത് വലിയ ഗുണമൊന്നുമില്ല. പുകഴ്കൊണ്ട കുട്ടികവി പോലും ദുഷ്പ്രഭുക്കളുടെ വീട്ടുവാതിൽക്കലാണ്, ഉറക്കം (7). വാസയോഗ്യ

[9] അതേ പുസ്തകത്തിന്റെ 90-93 പേജ്

മല്ലാത്തത് സ്വന്തം രാജ്യത്തിന്റെ രാജധാനി മാത്രമല്ല; ശ്രീരംഗം പോലുള്ള പട്ടണങ്ങളും മെച്ചമൊന്നുമല്ല (8).

പോത്തിനെ സ്തുതിക്കുന്നത് പ്രഭുക്കന്മാരെ നിന്ദിക്കാൻ വേണ്ടിത്തന്നെയാണെന്ന് കവി ഒന്നിലധികം തവണ വ്യക്തമാക്കുന്നുണ്ട്. തന്നെ ദ്രോഹിക്കുന്നതിൽ മുഴുകിയിരിക്കുന്ന, തന്റെ മേന്മ അറിയാത്ത, പ്രഭുക്കളെ നിന്ദിക്കാനാണ്, തന്നെ ഇപ്പോൾ രക്ഷിക്കുന്ന രാജശ്രീ പോത്തു തമ്പുരാനെ നമസ്കരിച്ചുകൊണ്ട് തന്റെ മൊഴിമിടുക്ക് സഫലമാക്കുന്നത് (9). തന്നെ ദ്രോഹിക്കുന്ന അധികാരി നീചന്മാരോടുള്ള ഈറയാൽ അവരെ നിന്ദിച്ച് ആ പ്രഭുക്കന്മാരെ വാക്കുകൾകൊണ്ട് തല്ലാൻ തന്നെയാണത് (10). ഇത് കേട്ടിട്ടെങ്ങാനും ആ രാജാക്കന്മാർ തങ്ങളുടെ ദുർഗുണങ്ങളെപ്പറ്റി മനസ്സിലാക്കി നന്നായാൽ നന്നായെന്നു മാത്രം (11). രാജാവ് മന്തനാണ്; അദ്ദേഹത്തിന്റെ മന്ത്രിമാർ അതിലേറെ. അവരെ ആശ്രയിക്കുന്നവർ എല്ലാം കട്ടുമുടിക്കുന്ന ദേശദ്രോഹികളും. കൃഷി ചെയ്യാനാണെങ്കിലും അത് ഈ ചോണാട്ടിൽ വേണ്ട: എനിക്ക് ഒടുക്കം കോണകമെങ്കിലും ബാക്കി കിട്ടി: നിനക്ക് അതുപോലുമില്ലല്ലോ (12).

ഈ കൃതി രാജസേവകന്മാരേയും ഉദ്യോഗസ്ഥന്മാരേയും വിമർശിക്കുന്നതാണെന്നും കവിയുടെ കോപത്തിന് രാജാവ് വലുങ്ങനെ ശരവ്യനാവുന്നില്ലെന്നും ഫിലിയോസാ കരുതുന്നു.[10] "മുഗ്ധമതിഃ" എന്നതിന് "നിഷ്കളങ്കൻ" (innocent d'esprit) എന്ന് അർഥം പറഞ്ഞും മറ്റു പല നിലക്കും രാജാവിനെ കുറ്റ വിമുക്തനാക്കാനും കവിയെ തികഞ്ഞ രാജഭക്തനാക്കാനും അദ്ദേഹം ഒരു ശ്രമം നടത്തുന്നുണ്ട്. ഇതിനോടു പൂർണ്ണമായും യോജിക്കാൻ ആവുന്നില്ല. തന്റെ മുതുമുത്തശ്ശനായ കവിയെക്കുറിച്ച് വ്യാഖ്യാതാവ് പറഞ്ഞത് അങ്ങനെത്തന്നെ സ്വീകരിച്ചതു കൊണ്ടായിരിക്കാം ഇദ്ദേഹം ഈ വഴിക്കു പോയത്.[11] ഈ വിധേയത്വം വ്യാഖ്യാനത്തിലുടനീളം കാണാം.

[10] *മ.ശ.*, Introduction, pp. 11-12.

[11] വ്യാഖ്യാനാരംഭത്തിൽത്തന്നെ വ്യാഖ്യാതാവു പറയുന്നു: "ഒരിക്കൽ കുട്ടിയായ രാജാവ് ദുഷ്ടന്മാരായ കുറേ കൂട്ടുകാരുടെ കൂട്ടിൽ പെട്ട് ഏതുനേരവും കളി മാത്രമായി, നല്ല വാക്കുകൾ കേൾക്കാതെയായി. രാജാവിനെ അവരിൽനിന്ന് പിൻതിരിപ്പിക്കാനും നല്ലവഴിക്ക് കൊണ്ടുവരാനും വേണ്ടി അദ്ദേഹം മഹിഷസ്തുതികൊണ്ടു രാജബുദ്ധിയെ കറയറ്റതാക്കി." ഒരു പാട്ടു പാടി രാജ്യം നന്നാക്കാമായിരുന്നെങ്കിൽ! രാജസേവകനായ ഈ വ്യാഖ്യാതാവിന്റെ പക്ഷം ഫിലിയോസാ അവർകളെ സ്വാധീനിച്ചതുപോലെ തോന്നുന്നു. ഉദാഹരണത്തിന് പതിനൊന്നാം ശ്ലോകത്തിന്റെ വ്യാഖ്യാനം നോക്കുക: "അനേന രാജ്ഞഃ പ്രാമാണികത്വേ ƒപി തത്പരിസര വർതിനോƒധികാരിണഃ ഖലാ ഇതി സൂച്യതേ. തഥാ ച രാജ്ഞോƒപി ഹിതോപദേശരൂപത്വാന്നൈത് പ്രബന്ധേ രാജ്ഞോ ദ്വേഷ ഇതി ഭാവഃ."

ആദ്യത്തെ രണ്ടുശ്ലോകങ്ങളുടെ വ്യാഖ്യാനം ഇത് തെളിയിക്കുന്നു. വേറെ ശ്ലോകങ്ങളുടെ വ്യാഖ്യാനത്തിലും ഇതുണ്ട്. അതോടൊപ്പം, ഏതു നിലക്കും പ്രക്ഷിപ്തമെന്നു കരുതേണ്ടുന്ന 101, 102, പദ്യങ്ങളെ ഗൗരവമായെടുത്തതും ഫിലിയോസാ അവർകളെ വഴിതെറ്റി ച്ചിരിക്കാം.

ശ്രീമദ്ഭോസലവംശദുഗ്ധജലധേഃ സമ്പൂർണചന്ദ്രോപമോ
യഃ ശാസ്തി ക്ഷിതിമക്ഷതി ക്ഷിതിപതിർമൂർതഃ പ്രതാപഃ സ്വയം
ദീർഘായുർജിതശത്രുരാത്മജയുതോ ധർമീ പ്രജാരാഗവാൻ
ഉല്ലാഘോ/സ്തു സ നിസ്തുലൈർനിജസഭാസ്താരൈഃ ക്രമാദാഗതൈഃ 101.

രാജാ ധർമപരഃ പരമ്പരധൃതസ്നേഹാശ്ച തന്മന്ത്രിണോ
രാജന്വത്യവനീ വനീപകജനാ ആഢ്യാ ഭവന്തു ക്ഷിതൗ
പുഷ്ടാങ്ഗാഃ പശവശ്ചരന്തു ഭജതാം ദുർഭിക്ഷവാർതാ ലയം
വാഞ്ഛാനാഥകവേഃ കൃതിശ്ച കുരുതാം നിർമത്സരാണാം മുദം 102.

കൃതിയുടെ ഉടലിലും ഉയിരിലും ഉള്ള ശക്തമായ വിമർശനങ്ങളിലും കടുത്ത പരിഹാസത്തിലും ഒന്നും കാണാത്ത ഈയൊരു വിധേയത്വം നമ്മുടെ കവിയുടേതല്ലതന്നെ. രാജസദസ്സിലെ ഏതെങ്കിലും വൈതാളികൻ, ഒരുപക്ഷേ വ്യഖ്യാതാവായ വാഞ്ഛേശ്വരയജ്വാവുതന്നെ, കൃതിയുടെ അവസാനം ഇങ്ങനെ രണ്ടു ശ്ലോകം എഴുതിച്ചേർത്തതാവാനേ വഴിയുള്ളൂ. ഇനി തത്കാലം ശിക്ഷയിൽനിന്ന് ഒഴിവാവാനോ മറ്റോ ഈ നാൽക്കാലികളെ കവി തന്നെ കൂട്ടിക്കെട്ടിയതാണെങ്കിലും പ്രക്ഷേപണം പ്രക്ഷേപണമല്ലാതാവില്ലല്ലോ. എന്നുമല്ല, ശതകത്തിനു മകുടം ചാർത്തുന്ന നൂറാമത്തെ

സുഗ്രീവോ/സി മഹാൻ ഗജോ/സി വപുഷാ നീലഃ പ്രമാഥീ തഥാ
ധൂമ്രശ്ചാസി മഹാനുഭാവ മഹിഷ ത്വം ദുർമുഖഃ കേസരീ.
ഇത്ഥം തേ സതതം മഹാകപിശതാകാരസ്യ സാഹായ്യതഃ
സീതാം പ്രാപ്യ വിലങ്ഘ്യ ദുഃഖജലധിം നന്ദാമി രാമഃ സ്വയം

എന്ന ആ മനോഹരപദ്യമുണ്ടല്ലോ - സുഗ്രീവാദികളായ മഹാകപികളുടെ മുഴുവൻ സാന്നിദ്ധ്യവുമുള്ള പോത്തിന്റെ സഹായത്തോടെ സങ്കടക്കടൽ കടന്ന് സീത(ഉഴവുചാൽ)യെ വീണ്ടെടുത്ത് താൻ തന്നെ രാമനായി ആനന്ദിക്കുന്ന ആ പദ്യം - അതിനു ശേഷം മറ്റെന്തും വെറും അനൗചിത്യമാണ്. അതുകൊണ്ട് ഈ രണ്ടു പദ്യങ്ങളും പ്രക്ഷിപ്തങ്ങളായേ ഞാൻ എടുക്കുന്നുള്ളൂ.

വാസ്തവത്തിൽ രാജവിഡംബനവും വിമർശനവും നടത്തുന്ന വിഷയത്തിൽ കവി യാതൊരു ദാക്ഷിണ്യവും കാണിക്കുന്നില്ല. മൂന്നാമത്തെ ശ്ലോകത്തിൽ തന്നെ ഇതു തുടങ്ങുന്നു. നാനാജി, ശഹജി, മുതലായ പഴയ രാജാക്കന്മാരുടെ മേന്മ പറഞ്ഞതിനു ശേഷം ഇന്നുള്ളവരെക്കുറിച്ചു പറയുന്നത് "വൃഷളന്മാരും അസഭ്യന്മാരും" എന്നാണ്! കഴിഞ്ഞില്ല: രാജാക്കന്മാരുടെ പുറം വാതിൽക്കൽ

പാടുകിടക്കുകയെന്നത് രൗരവനരകമാണ് (4). രാജാക്കന്മാർ പണക്കൊതിയന്മാരാണ് (5). തന്റെ യോഗ്യതയറിയാത്ത പ്രഭുക്കന്മാർ തന്നെ ദ്രോഹിക്കുന്നതിൽ മുഴുകിയിരിക്കുന്നു (9). തന്നെ ദ്രോഹിക്കുന്ന അധികാരി നീചന്മാരോടുള്ള ക്രോധം മൂലം അവരെയും അവരുടെ പ്രഭുക്കന്മാരെയും നിന്ദിച്ച് ശിക്ഷിക്കാനുള്ള ഒരു ഉപാധിയായാണ് താൻ ഈ പ്രബന്ധം രചിക്കുന്നത് (10). രാജാക്കന്മാർ ഇതു കേട്ട് തങ്ങളുടെ ദുർഗുണങ്ങളെപ്പറ്റി മനസ്സിലാക്കിയാൽ നന്നായി (11). രാജാവ് മന്ദനാണ് (12). രാജസഭയിൽ യോഗ്യനായ അംഗമാവും പോത്ത് - മറ്റുള്ളവരെ അപേക്ഷിച്ച് വാചസ്പതിതുല്യൻ (22)! ധനഭ്രാന്തു മുഴുത്ത രാജാക്കന്മാരുടെ ദുർഗുണങ്ങളെ പാഴായി വാഴ്ത്തിപ്പാടാനൊരുമ്പെട്ട് കെട്ടുപോയതാണെന്റെ വാക്കുകൾ (26). രാജാക്കന്മാർ ഒരു വ്യവസ്ഥയുമില്ലാത്തവരാണ്; അവരെക്കൊണ്ടു മടുത്തു (29). തണ്ടുതപ്പികളായ ഈ ദുഷ്ടരാജാക്കന്മാരുടെ ദയ തൊട്ടുതെറിച്ചിട്ടില്ലാത്ത ക്രൂരവാക്കുകൾ കേട്ട് കെട്ടുപോയ താണെന്റെ കാതുകൾ - അവക്ക് പോത്തിന്റെ അമറൽ അമൃതം തന്നെ (31). നീചരാജാക്കന്മാർ മൂഢന്മാരും ആഭാസന്മാരുമാണ്; പണത്തിന്റെ ചൂടുകൊണ്ട് ഭീഷണമായ മുഖമാണവർക്ക്. അവരെ സേവിക്കുന്നത് വെറുതേയാണ് (32). ചീത്ത വർത്തമാനം മാത്രം പറയുന്ന അഹങ്കാരികളായ പടയാളിക്കൂട്ടങ്ങളുടെ കയ്യിലെ നീളമുള്ള ചുരുട്ടുകളിൽനിന്ന് വമിക്കുന്ന പുകകൊണ്ട് ഇരുണ്ടതും അവരുടെ തുപ്പലിന്റെ ദുർഗന്ധം നിറഞ്ഞതുമായ രാജകൊട്ടാരത്തിന്റെ മുറ്റത്തങ്ങനെ നിൽക്കുകയെന്നത് ക്ലേശമാണ് (38). രാജാക്കന്മാർ പണക്കൊഴുപ്പിന്റെ ഇരുട്ടുകൊണ്ട് കണ്ണുകാണാതായി വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാതെ മന്ദം മയങ്ങിയവരാണ്. അവരവിടെ നിൽക്കട്ടെ (50). കാട്ടാളന്മാരെപ്പോലെ ക്രൂരന്മാരും കൊലയാളികളും ആണ് ഈ രാജാക്കന്മാർ (51).

ഇങ്ങനെ രാജാവിനെ നേരിട്ടു ശകാരിക്കുന്ന കുറേ പദ്യങ്ങൾ മാത്രമല്ല, ഈ കൃതി വലിയൊരു രാഷ്ട്രീയ വിമർശനമാണെന്നു പറഞ്ഞതിന് ആസ്പദം. പോത്തിനെ രാജാവായും രാജാവിനേയും രാജാവിന്റെ ഉദ്യോഗസ്ഥന്മാരേയും പോത്തായും കാണുന്നത് വലിയൊരു രാജസ്തുതിയല്ലല്ലോ! പോത്തിനെ രാജാവായി കാണുന്നത് പൊതുവേ രണ്ടു വിധത്തിലാണ്: നേരിട്ടുള്ള സംബോധനകൾ കൊണ്ടും പോത്തിൽ രാജഗുണങ്ങൾ ആരോപിച്ചുകൊണ്ടും. താഴെക്കൊടുത്തിരിക്കുന്ന സംബോധനകൾ നോക്കുക:

> മഹിഷാധിരാജൻ (26, 30, 33, 54, 57, 64, 66, 79, 83), സൈരിഭപതി (8, 27, 35, 38, 49, 84), മഹിഷേന്ദ്രൻ (17, 34, 39, 52, 53, 61, 67, 70), കാസരപതി (21, 51, 58, 78, 99), കാസരേശ്വരൻ (41, 72, 80, 86, 97), കാസരേന്ദ്രൻ (37, 40, 81), കാസരസാർവഭൗമൻ (29, 56), സൈരിഭരാജരാജൻ (20), ശ്രീകാസരാധീശ്വരൻ (62), ലുലായരാജൻ (48, 60), മഹിഷക്ഷി

തീശ്വരൻ (69, 92), കാസരക്ഷ്മാപതി (90, 98), മഹാസൈരിഭൻ (71, 96), സൈരിഭമണ്ഡലേശ്വരൻ (46), സൈരിഭമണ്ഡലേന്ദ്രൻ (68), കാസര മണ്ഡലേശ്വരൻ (63), മഹിഷേശ്വരൻ (7), രാജശ്രീമഹിഷൻ (9), മഹിഷാ ഭിവ്യപ്രഭു (23), മഹിഷാവതംസൻ (45,), ലുലായപ്രഭു (6), മഹിഷാ ധീശൻ (77), ലുലായാധീശൻ (95).

പോലീസുകാരനെ കുരങ്ങനെന്നു വിളിച്ചതു കുറ്റമാണെന്നറിഞ്ഞപ്പോൾ കുരങ്ങനെ പോലീസെന്നു വിളിക്കാൻ അനുവാദം വാങ്ങിയ രസികന്റെ കഥ ഇവിടെ ഓർമ്മിക്കാം. ഇതിനു പുറമേ രാജാവിന്റെ ഗുണങ്ങളും കലകളും പോത്തിൽ ആരോപിക്കുന്ന ആ പരിപാടി ഇവിടെ അങ്ങേയറ്റം സംഗതമാണ്. ചില ഉദാഹരണങ്ങൾ കൊടുക്കാതെ വയ്യ. കവി പോത്തിനെ രാജാവായി അഭിഷേകം ചെയ്യുന്നു.

ഏഹി ത്വം സരസീതടം തവ പുനർമൂർധാഭിഷേകം ജലൈ-
രസ്മത്സംവസഥാവനായ കരവൈ രാജേവ സംരക്ഷ മാം .

"നീതന്നെയാണ് ഞങ്ങൾക്ക് രാജാവ്" എന്ന പല്ലവിയാണ്, അടുത്ത രണ്ടു പദ്യത്തിൽ:

ഭൂപോ ഭൂപ ഇതീവ കിം ത്വനുഗതാ ജാതിർഘടത്വാദിവദ്
ഭൂമാവസ്തി യ ഏവ രക്ഷതി ജനാൻ രാജാ സ ഏവ സ്വയം
കിം ഭൂമീപതയഃ ശരാരവ ഇമേ ക്രൂരാഃ കിരാതാ ഇവ
പ്രായഃ സാർവജനീന കാസരപതേ രാജാ ത്വമേവാസി നഃ 51.

സാനന്ദം മഹിഷീശതം രമയസേ മൂർധാഭിഷേകോ ƒന്വഹം
ത്വം വാലവ്യജനാവധൂതിമസകൃത് പ്രാപ്നോഷി
ശൃങ്ഗാന്വിതഃ
കിം ച സ്വാം പ്രകൃതിം ന മുഞ്ചസി തൃണപ്രായം ജഗത്
പശ്യസി
സ്വസ്തി ശ്രീമഹിഷേന്ദ്ര തേ സ്തു നിയതം രാജാ
ത്വമേവാസി നഃ 52.

ജനങ്ങളെ രക്ഷിക്കുന്നവനാണ് രാജാവ്. "രാജാനമഭിഷിഞ്ചതി" എന്ന നിയമപ്രകാരം അഭിഷേകം കഴിഞ്ഞാലേ രാജാവാവൂ എങ്കിൽ, ഹേ പോത്തേ, കുളക്കരയിലേക്കുവരൂ, ഞാൻ നിന്റെ തലയിൽ വെള്ളം പാരട്ടെ. ജനരക്ഷ മാത്രമല്ല, പോത്തിലെ രാജലക്ഷണം. മേലുദ്ധരിച്ച 52 ാം ശ്ലോകവും താഴെക്കൊടുക്കുന്ന അതിന്റെ വ്യാഖ്യാനവും നോക്കുക:

സാനന്ദം ആനന്ദേന സഹിതം യഥാ ഭവതി തഥാ. മഹിഷീണാം ശതം, ശതമിത്യുപലക്ഷണം, സഹസ്രമയുതം വേതി ബോദ്ധ്യം. രമയസേ ക്രീഡയസേ. അന്വഹം പ്രത്യഹം. മൂർധ്നി ശിരസി. അഭിഷിക്തഃ സ്നപിതഃ. വാലമേവ വ്യജനം, തസ്യാവധൂതിം ചാലനം. അസകൃത് പുനഃ പുനഃ പ്രാപ്നോഷി. ശൃങ്ഗാഭ്യാം വിഷാണാഭ്യാമന്വിതോ യുക്തഃ. കിം ച സ്വാം പ്രകൃതിം സ്വകീയം ജാഡ്യാദിസ്വഭാവം ന

മുഞ്ചസി ന ത്യജസി. തൃണപ്രായം തൃണപ്രചുരം ജഗത്പശ്യസി ഈക്ഷസേ, ഭക്ഷണാർഥമിതി ഭാവഃ. 'പ്രായോ വയസി ബാഹുല്യേ തുല്യാനശനമൃത്യുഷു' ഇത്യമരഃ. രാജപക്ഷേ - മഹിഷീണാം കൃതാഭിഷേകാണാം സ്ത്രീണാം, 'കൃതാഭിഷേകാ മഹിഷീ' ഇത്യമരഃ. ശതേ സഹസ്രേ വാ പരിഗണിതേ രമയസേ. അന്തഃപുരസ്ത്രിയഃ യഥാ സംഭോഗാദിനാ തുഷ്യന്തി, തഥാ കലാശാസ്ത്രോക്തപ്രകാരേണ താസാം പ്രീത്യതിശയം ജനയതി. 'മൂർധാഭിഷിക്തോ രാജന്യഃ' ഇത്യമരഃ. വാലം ചാമരം വ്യജനം താലവൃന്താദികം തയോരവധൂതിം, ശൃങ്ഗേണ പ്രഭുത്വേനാന്വിതഃ, 'ശൃങ്ഗം പ്രഭുത്വേ' ഇതി വിശ്വഃ. സ്വാം പ്രകൃതിം സ്വകീയരാജ്യാങ്ഗം സ്വാമ്യമാത്യാദികം, 'രാജ്യാങ്ഗാനി പ്രകൃതയഃ' ഇത്യമരഃ. ജഗദ്ഭുവനം തൃണപ്രായം തൃണസദൃശം യഥാ ഭവതി തഥാ പശ്യതി. ജനേഷ്വൈശ്വര്യാദ്യല്പത്വേന തത്ര രാജ്ഞസ്തൃണബുദ്ധിർഭവതീത്യർഥഃ.

ഇങ്ങനെ ഏതുനിലക്കു നോക്കിയാലും പോത്ത് രാജാവു തന്നെ. കഴിഞ്ഞില്ല. ദുഷ്ടരാജാക്കന്മാരുടെ വാതിൽക്കൽ തനിക്ക് പാടുകിടക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ അത് പോത്തുതമ്പുരാന്റെ പിന്നാലെ നടക്കാഞ്ഞതുകൊണ്ടാണ് (7). തന്റെ രക്ഷിതാവ് രാജശ്രീ പോത്ത് അവർകളാണ് (9). എല്ലാവർക്കും ഉപകാരിയായ, ധാന്യം കൊണ്ടും ധനം കൊണ്ടും ജനങ്ങളെ രക്ഷിക്കുന്ന, പോത്തൊരുത്തനെ മാത്രം ഈ ലോകത്തിൽ ഞാൻ ധന്യനെന്നെണ്ണും. മറ്റു രാജാക്കന്മാരെക്കൊണ്ട് എന്താണു കാര്യം (16)? അല്ലയോ പോത്തു തമ്പുരാനേ, നിന്നെ ആശ്രയിക്കുന്ന മനുഷ്യർക്ക് സ്വപ്നത്തിൽ പോലും ദാരിദ്ര്യം ഉണ്ടാവുന്നില്ല. എല്ലാ ജനങ്ങളേയും രക്ഷിക്കാൻ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുന്ന, ദീനന്മാരുടെ കൂട്ടത്തിനു ബന്ധുവായ, താങ്കൾക്ക് നന്മ ഉണ്ടാവട്ടെ (30). ഇഷ്ടം സാധിപ്പിക്കുന്ന പോത്തെന്ന എന്റെ രാജാവിനെ പണ്ഡിതന്മാർ ആശ്രയിക്കുന്നില്ല (32). തൊഴുത്ത് നിനക്ക് അരമനയാണ്; ചാണകം കസ്തൂരിയും ദേഹത്തെ മണ്ണും പൊടിയും പുത്തൻ പട്ടുടയാടയും (33). നീ അശ്വമേധത്തിന് ദീക്ഷയെടുത്തവനെപ്പോലെയാണ് (58). ഭീഷ്മൻ (ഭയാനകൻ) അനലൻ (എത്രയായാലും മതിയാവാത്തവൻ), നൃഗൻ (മനുഷ്യന് അടുക്കാവുന്നവൻ), ഹ്രസ്വരോമൻ (ചെറിയ രോമങ്ങളുള്ളവൻ), ഭരതൻ (ഭരം - ഭാരം - ഉള്ളവൻ), പൃഥു (വലിയ ദേഹമുള്ളവൻ), മരുത്തൻ (വായുവേക്കാളും അധികം ശക്തിയുള്ളവൻ) - ഈ പുണ്യപുരാണരാജാക്കളൊക്കെ നിന്നിൽ ഉള്ളപ്പോൾ മറ്റു നീചരാജാക്കന്മാരെ ഞാൻ എന്തിന് ആശ്രയിക്കണം? (82). മറ്റൊരു ശ്ലോകത്തിൽ മഹാഭാരതത്തിലെ പല രാജാക്കന്മാരുടെയും ഗുണങ്ങൾ കവി പോത്തിൽ കാണുന്നു (85).

രാജാവിനെ പോത്തായും പോത്തിനെ രാജാവായും കാണുകയും ശകാരിക്കുകയും ചെയ്യുന്നതോടെ ഇതിലെ രാഷ്ട്രീയവിമർശം അവസാനിക്കുന്നില്ല. രാജാവിന്റെ പ്രതി പുരുഷന്മാരായ പ്രഭുക്കന്മാരേയും പലവിധത്തിലുമുള്ള ഉദ്യോഗസ്ഥന്മാരേയും വെടിപ്പായി ചീത്ത പറയുന്നുണ്ട്, ഈ കാവ്യത്തിൽ. മൂന്നാമത്തെ ശ്ലോകത്തിലുള്ള "വിദ്യയെ നഞ്ഞായി കാണുന്ന വൃഷളന്മാരും അസഭ്യന്മാരും" എന്ന പ്രയോഗം സമകാലീന രാജാക്കന്മാരെയും അവരുടെ മന്ത്രിമാരെയും ഒരേപോലെ ഉദ്ദേശിച്ചുള്ളതാണ്. രാജാവിന്റെ സചിവന്മാർ ദുഷ്ടന്മാരും ദേശദ്രോഹപരന്മാരും സർവോപഹാരോദ്യതന്മാരും ആണ് (12). തമ്മിൽ മത്സരിച്ച് ധാന്യമോ ധനമോ വർദ്ധിപ്പിക്കുക, പിന്നെ ദേശാധികാരം കൊതിച്ച് സാഹസികളായി നടിക്കുക, എന്നിട്ടു രാജാവിന്റെ അടുത്തുള്ളവരെ കൈക്കൂലി കൊണ്ട് വശത്താക്കി നാട്ടിലെ സ്വത്തു മുഴുവനും ബലാൽക്കാരമായി കവർന്നെടുക്കുക - ഈ നീചന്മാർ കാലന്റെ അടുത്ത് പോട്ടെ (13). വിദ്യകൊണ്ട് കഴിച്ചുകൂട്ടാൻ വയ്യെന്നായപ്പോൾ ഞാൻ കൃഷിയിൽ ഏർപ്പെട്ടു. ഒടുവിൽ ചെടികൾ വിളഞ്ഞു പാകമാകുമ്പോൾ എവിടുന്നോ ചതിയന്മാരായ സുഭേദാർ, ഹവൽദാർ, മണിയം, മേൽജുഷ്ടൻ, കൈക്കാരൻ, ഹരിക്കാരൻ, സ്ഥലസമ്പ്രതി, മജുംദാർ തുടങ്ങിയ ദയയില്ലാത്തവർ കണ്ടം വളയുന്നു. കഷ്ടം, എന്താണു പറയുക (15)! പണക്കൊഴുപ്പിന്റെ മത്തെന്ന മഷിപുരണ്ടും ദുഷ്ടരായ കൂട്ടുകാരോടു ചേർന്ന് ദിവസേന തീറ്റയിലും മൈഥുനത്തിലു മേർപെട്ടും ബുദ്ധി ചുട്ടുകെട്ടുപോയ ഈ മന്തന്മാരായ ധനിക സമർത്ഥന്മാരെപ്പറ്റി "ഹാ, കഷ്ടം" എന്നല്ലാതെ എന്താണ് പറയുക (16)? ധനത്തിന്റെ കൊഴുപ്പുകൊണ്ട് മദിച്ച ഈ ദുർദ്ധനികർ ദുരാഗ്രഹം നിറഞ്ഞ ചണ്ഡാലരും പുലയാടിമക്കളും എപ്പോഴും കടുത്ത വാക്കുകളുപയോഗിക്കുന്ന നായ്ക്കളും ആണ്. അവരുടെ മോന്ത കാണുന്നതിലും നല്ലതാണ്, നിന്റെ ആ വലിയ വൃഷണം കാണുന്നത്. പോത്തുതമ്പുരാനേ, അതുകൊണ്ട് വയറു നിറച്ച് ഭക്ഷണമെങ്കിലും കിട്ടും (17).

അവിടുന്നങ്ങോട്ട് കുറച്ചു പദ്യങ്ങൾ സുഭേദാർമാരെന്ന ഉദ്യോഗസ്ഥന്മാരെ ചീത്തപറയാനാണ് കവി ഉപയോഗിക്കുന്നത്. പോത്ത് ദേഹം ഉഷ്ണിച്ച് ഉണ്ടാക്കുന്നതെല്ലാം സുഭേദാർമാർ കൊണ്ടു പോവുന്നു: സ്നേഹം കൊണ്ടായാലും ബലം കൊണ്ടായാലും മക്കളാണല്ലോ, പിതൃസ്വത്ത് കൊണ്ടു പോവുന്നത് (18). ശ്ലേഷാലങ്കാരത്തിന്റെ വിദഗ്ദ്ധമായ ഉപയോഗം വഴി സുഭേദാർമാരും പോത്തും സമാനന്മാരാണെന്നു കണ്ടെത്തി അവർ പോത്തിന്റെ ഏട്ടന്മാരോ അനിയന്മാരോ എന്നു കവി ശങ്കിക്കുന്നു (19). കെട്ടുകണക്കിന് പച്ചപ്പുല്ലു തന്നും വെള്ളത്തിലിറക്കിയും മേലൊക്കെ ഉരച്ചുകഴുകിയും പല വിധത്തിലും താൻ ഏറെക്കാലം സേവിച്ച പോത്തിനോട് ഒരു

പ്രത്യുപകാരം കവി ആവശ്യപ്പെടുന്നു: അതിന്റെ പുറത്തുകയറി സവാരി ചെയ്യുന്ന കാലദേവനെ കഴിവതും വേഗം ആ സുഭേദാരുടെ അടുത്തേക്ക് എത്തിക്കുക (20)! പോത്തേ, നിനക്ക് വിശക്കുന്നുണ്ടോ? ഞങ്ങൾ പുല്ലുപോലെ കണക്കാക്കിയിട്ടുള്ള ഈ സുഭേദാർമാരെ സുഖമായി തിന്നുകൊള്ളുക. അല്ലാതെ ആർക്കും ഒരുപദ്രവവും ചെയ്യാത്ത ഈ ഒണക്ക വൈക്കോൽക്കെട്ടുകൾ എന്നും തിന്നതുകൊണ്ട് നാട്ടുകാർക്ക് എന്താണ് ഒരുപകാരം (21)?

രാഷ്ട്രീയമായ ശകാരം മാത്രമല്ല, *മഹിഷശതക*ത്തിലുള്ളത്. കവി നാട്ടിനെ ബാധിച്ച സാമൂഹ്യവും സാംസ്കാരികവുമായ ജീർണ്ണത തുറന്നുകാട്ടി കണക്കിനു കളിയാക്കുന്നുണ്ട്. സമകാലികരായ രാജാക്കന്മാർ വിദ്യയെ നഞ്ഞായി കാണുന്നവരും വൃഷളന്മാരും അസഭ്യന്മാരുമാണെന്ന് കവി വിശ്വസിക്കുന്നതായി നാം കണ്ടു. വിദ്യക്കു വന്ന ഈ അപചയം കവിയെ വേദനിപ്പിക്കു ന്നു. ഏഴാം ശ്ലോകത്തിലെ

> വിദ്യാപണ്യവിശേഷവിക്രയവണിഗ്ജാതഃ സുധീഃ ശ്രീധരഃ
> സ്വന്നം സ്വർണമഭൂദ്ബതാംബുമഖിനോ ധിക്തസ്യ ഷഡ്ദർശനീം.
> (ബുദ്ധിമാനായ ശ്രീധരൻ വിദ്യയെന്ന ചരക്കിനെ വേണ്ടുംവണ്ണം കച്ചവടം ചെയ്യുന്ന വണിക്കായി. അംബുദീക്ഷിതരുടെ ചോറ് പൊന്നായി. അയാളുടെ ഷഡ്ദർശനം എന്തിന് കൊള്ളാം?)

എന്ന ഭാഗത്തു വിദ്യ എങ്ങനെ ഒരു കച്ചവടച്ചരക്കായി അധഃപതിച്ചിരിക്കുന്നുവെന്ന് പറയുന്നതിനു പുറമേ അതിനോട് തനിക്കുള്ള എതിർപ്പ് ശക്തമായി രേഖപ്പെടുത്തുക കൂടി കവി ചെയ്യുന്നു. "വിശേഷവിക്രയം" എന്നതുകൊണ്ട് "അധികം പണം കൊടുക്കുന്നവരെ അധികം പഠിപ്പിക്കും; കുറച്ചുക്കൊടുക്കുന്നവരെ കുറച്ചും" എന്ന് അർത്ഥമാകുന്നുവെന്ന് വ്യാഖ്യാതാവ് പറയുന്നു. "വിദ്യാജീവനകുണ്ഠനം" (വിദ്യകൊണ്ട് ജീവിക്കുന്നതിൽ തടസ്സം) നേരിട്ടതിനെക്കുറിച്ച് ദുഃഖിതനാണെങ്കിലും (15) ആ ദുഃഖം പോലും ചിരിച്ചുകൊണ്ടാണ് അദ്ദേഹം അവതരിപ്പിക്കുന്നത്.

സാമൂഹ്യമായ മറ്റു ജീർണതകളിലേക്കും കവിയുടെ ചൂണ്ടുവിരൽ നീളുന്നു. കവിക്ക് സ്ഥാപനവൽക്കരിക്കപ്പെട്ട മതത്തോട് അസഹിഷ്ണുതയോളമെത്തുന്ന പുച്ഛമാണ്. യാഗവിധികൾ, തീർത്ഥാടനം, യോഗമുറകൾ, എന്നിവയുടെ അർത്ഥശൂന്യതയാണ്, മുപ്പത്താറാം ശ്ലോകത്തിലെ വിഷയം. ഋഷിയുടെ ചര്യകൾ (40), ഓത്തന്മാരുടെ "ഓത്തുവള്ളിയിലെ ഊഞ്ഞാലാട്ടം" (54), മധ്വാചാര്യരുടെയും രാമാനുജാചാര്യരുടെയും ശിഷ്യന്മാരായ ദ്വൈതികളുടെയും വിശിഷ്ടാദ്വൈതികളുടെയും നടപടികൾ (55, 57), യോഗാഭ്യാസത്തിന്റെ വഴികൾ (56), യാഗത്തിൽ യജമാനന്റെ ചേഷ്ടകൾ (58), എന്നിവയെ കുട്ടികവി മുറക്കു കളിയാക്കിവിടുന്നു. ശ്ലേഷാലങ്കാരത്തിന്റെ വിദഗ്ധമായ

പ്രയോഗമാണ്, ഇവിടെയൊക്കെ. ആ കാര്യത്തിൽ കവി കൃതഹസ്തനാണ്.

സാക്ഷാൽ പരബ്രഹ്മം (59), ദേവേന്ദ്രൻ (60), കാമദേവൻ (61), സാളഗ്രാമം (62), സമുദ്രം (63), പർവതം (81), ഹനുമാൻ (64), കാർത്തവീര്യാർജ്ജുനൻ (65), കവി (66), കാവ്യം (67), ഭരതാചാര്യൻ (68), ബുദ്ധനടക്കം വിഷ്ണുവിന്റെ പതിനൊന്ന വതാരങ്ങൾ (69-79), ശിവൻ (80), പുരാണപ്രസിദ്ധരായ രാജാക്കന്മാർ (82), അർജ്ജുനൻ (83), കർണ്ണൻ (84), മഹാഭാരതം (85), ദ്രോണൻ (86), ലങ്കാലക്ഷ്മി (87), രാവണൻ (88), ചന്ദാഖാനെന്ന മുസ്ലിം പ്രഭു (89), വൈയാകരണൻ (90), താർക്കികൻ (91), മീമാംസകൻ (92), കാവ്യപ്രബന്ധം (93), നവരസങ്ങൾ (94), ശൃങ്ഗാരരസികൻ (95), വിടൻ (96), ബാലി (97), അഷ്ടദിക്പാലന്മാർ (98), മഹാദാനങ്ങൾ (99), ശ്രീരാമൻ (100) - ശ്ലേഷത്തിന്റെ പ്രയോഗവൈദഗ്ധ്യം കൊണ്ട് പോത്തിൽ ഇതൊക്കെ കവി കാണിച്ചു തരുന്നു. സാഹിത്യഗുണത്തിലും ഈ കവിത മേലേക്കിടയിൽത്തന്നെ നിൽക്കുന്നു. അലങ്കാരങ്ങളും മറ്റു രസാനുഭൂതികളും ഇതിൽ സുലഭമാണ്. കവിക്ക് പലവിധ ശാസ്ത്രത്തിലുമുള്ള പാണ്ഡിത്യവും ഏറെ പുകഴ്ത്തേണ്ടതാണ്. ഇതിന്റെയൊക്ക ഉള്ളു കാണുവാൻ പ്രപൗത്രന്റെ വ്യാഖ്യാനം ഏറെ സഹായിക്കുകയും ചെയ്യും. ആ വക വിഷയങ്ങളെക്കുറിച്ച് ഞാനിവിടെ ഉപന്യസിക്കുന്നില്ല.

എന്റെ നോട്ടപ്രകാരം പ്രധാനമായും ഈ കൃതിയെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രതിരോധത്തിന്റെ ആവിഷ്കാരമായി വേണം കാണാൻ. പീഡനങ്ങളോടുള്ള ചെറുത്തുനില്പ് പലവിധത്തിലുമാവാം. പരിഹാസവും സർവപുച്ഛവും തീർച്ചയായും അതിലൊന്നാണ്. "ദുർബ്ബലരുടെ ആയുധങ്ങ"ളുടെ കൂട്ടത്തിൽ പ്രതിരോധത്തിന്റെ ഇത്തരം രൂപങ്ങളെ പെടുത്താറുണ്ടെങ്കിലും ഈ കൃതി കാണിക്കുന്നത് ഇത്തരം ആയുധങ്ങൾ ദുർബലരുടേതല്ലെന്നാണ്. എന്തുകൊണ്ടും നാം ഈ കൃതിക്ക് വേണ്ട പ്രാധാന്യം കൊടുത്തേ പറ്റൂ.

*****

മഹിഷശതകം

ശ്രീവാഞ്ഛേശ്വരദീക്ഷിതഃ (കുട്ടികവിഃ)

സ്വസ്ത്യസ്തു പ്രഥമം സമസ്തജഗതേ ശസ്താ ഗുണസ്തോമതഃ
സന്തോ യേ നിവസന്തി സന്തു സുഖിനസ്തേ fമീ ശിവാനുഗ്രഹാത്.
ധർമിഷ്ഠേ പഥി സഞ്ചരന്ത്വവനിപാ ധർമോപദേശാദൃതാ-
സ്തേഷാം യേ ഭുവി മന്ത്രിണഃ സുമനസസ്തേ സന്തു ദീർഘായുഷഃ
. ൧ .

ശിവന്റെ അനുഗ്രഹംകൊണ്ട് ആദ്യം നാട്ടിലേവർക്കും നല്ലതു വരട്ടെ. നിറഞ്ഞ ഗുണങ്ങളോടെ ശ്രേഷ്ഠന്മാരും നല്ലവരുമായി പാർക്കുന്നവർ സുഖമായിരിക്കട്ടെ. ധർമോപദേശത്തെ ആദരിക്കുന്ന രാജാക്കന്മാർ ധർമ മാർഗത്തിൽ സഞ്ചരിക്കട്ടെ. അവരുടെ മന്ത്രിമാർ ദീർഘാ യുഷ്മാന്മാരും ചിരഞ്ജീവികളും നല്ല മനസ്സുള്ളവരുമായി ഇരിക്കട്ടെ.

വന്ദേ ദുണ്ഢിം മഹാലിംഗം വിഘ്നേശം മണികർണികാം
ഈശ്വരശ്രീനിവാസാര്യാഹോബലാഖ്യഗുരൂത്തമാൻ. . ൧ .

ശ്രീമത്കവേരജാതീരം വിദ്വദ്വൃന്ദോപശോഭിതം
അത്യുത്തമശിവക്ഷേത്രം വിഷ്ണ്വാദിസ്ഥാനമസ്തി ഹി. . ൨ .

തത്ര തഞ്ജപുരം നാമ രാജസ്ഥാനമനുത്തമം
രാജാനഃ പ്രഥിതാസ്തത്ര ഭോസലീയാന്വവായജാഃ. . ൩ .

തദമാത്യകുലോത്പന്നഃ ശ്രീമാൻവാഞ്ഛേശ്വരഃ സുധീഃ
ശിഷ്ടഃ കന്നടിജാതീയോ വേദവേദാങ്ഗപാരഗഃ. . ൪ .

നീതിമാർഗേണ രാജാനം തത്തത്കാലേഷ്വചോദയത്
കദാചിദ്ബാലകോ രാജാ മേലയിത്വാ ഖലാൻ ബഹൂൻ. . ൫ .

ഖേലംസ്തൈഃ സർവദാ മുഗ്ധോ ന ശുശ്രാവ ഹിതം വചഃ
തേഭ്യോ നിവർതയൻ ഭൂപം സന്മാർഗേ സംപ്രവർതയൻ. . ൬ .

മഹിഷസ്തുതിതോ രാജബുദ്ധിം ചക്രേ സുനിർമലാം
തസ്യ നപ്താ മാധവാര്യപൗത്രഃ ശ്രീനരസിംഹതഃ. . ൭ .

വാഞ്ഛേശ്വരോ ലബ്ധജന്മാ പിതൃപ്രോക്തേന വർത്മനാ
വ്യാഖ്യാസ്യേ സംപ്രണമ്യൈതാന്മാഹിഷം ശതകം മുദാ. . ൮ .

ക്വാഹം മുഗ്ധമതിഃ ക്വേയം സാഹിതീ സർവപൂജിതാ
തഥാപി ജന്മ തദ്വംശേ പ്രവർതയതി മാമിഹ. . ൯ .

കാശീസ്ഥാൻ പണ്ഡിതാൻ നത്വാ ലിഖ്യതേ കിഞ്ചിദേവ തു
തദ്ഗൃഹ്ണന്തു മുദാ വ്യാഖ്യാം തന്വന്തു വിപുലാമപി. . ൧൦ .

നാശാസ്ത്രം ലിഖ്യതേ കിംചിന്നാനപേക്ഷിതമേവ ച
തഥാപി സർവതന്ത്രാർഥാ ഉക്താ മൂലാനുസാരതഃ. . ൧൧ .

അഥാത്രഭവാൻ ശ്രീവാഞ്ചേശ്വരഃ കവിഃ 'കാവ്യം യശസേഽർഥകൃതേ വ്യവഹാരവിദേ ശിവേതരക്ഷതയേ സദ്യഃ പരനിർവൃതയേ കാന്താസമ്മിതതയോപദേശയുജേ' ഇത്യഭിയുക്തോക്തിപ്രാമാണ്യാത്മകകാവ്യസ്യാനേകശ്രേയഃ സാധനതാം 'കാവ്യാലാപാംശ്ച വർജയേത്' ഇതി നിഷേധസ്യാസത് കാവ്യവിഷയതാം ച പശ്യൻ സ്വീയഗ്രന്ഥസ്യോപനിഷത്പ്രതിപാദ്യാദ്വിതീയാത്മ പ്രതിപാദനദ്വാരാ നിഃശ്രേയസോപയോഗിതാം തത്ര തത്ര പ്രകടയിഷ്യൻ മഹിഷപ്രബന്ധാഖ്യം മഹാകാവ്യം ചികീർഷുശ്ചികീർഷിതാന്തരായ നിരന്തരോപശാന്തി ചിരന്തനസമാഗതസമ്പ്രദായാനുവൃത്തിലക്ഷണ ഫലസാധനത്വാത് 'ആശീർനമസ്ക്രിയാവസ്തുനിർദേശോ വാപി തന്മുഖം' ഇത്യാശീരാദ്യന്യതമസ്യ പ്രബന്ധമുഖലക്ഷണത്വാദാശീർനിർദേശമുഖേന പ്രബന്ധ താത്പര്യ വിഷയീഭൂതമർഥം സംഗൃഹ്ണാതി:

സ്വസ്തീതി. ശിവസ്യ പരമേശ്വരസ്യ അനുഗ്രഹാത് പ്രസാദാത്, സമസ്തം സകലം ജഗത് ഭുവനം തസ്മൈ, പ്രഥമം ആദൗ, സ്വസ്തി കല്യാണം, അസ്തു ഭവതു. 'നമഃ സ്വസ്തി' ഇത്യാദിനാ ചതുർഥീ. ഗുണാനാം ശമദമാദീനാം സ്തോമതഃ സംഘതഃ, ശസ്താഃ ശ്രേഷ്ഠാഃ സന്തഃ സാധവഃ യേ നിവസന്തി വർതന്തേ തേഽമീ സന്തഃ ശിവാനുഗ്രഹാത് ഇത്യനുഷങ്ഗഃ. ഏവമഗ്രിയവാക്യദ്വയേഽപി ബോധ്യം. സുഖിനഃ ശർമിണഃ സന്തു ഭവന്തു. ധർമിഷ്ഠേ ധർമപ്രധാനേ പഥി മാർഗേ അവനിപാഃ ഭൂപാഃ സഞ്ചരന്തു പ്രവർതന്താം. തേഷാം അവനിപാനാം യേ മന്ത്രിണഃ സചിവാഃ തേ ദീർഘായുഷഃ ചിരജീവിനഃ സുമനസഃ കോമളചിത്താഃ, ആദൃതഃ അങ്ഗീകൃതഃ ധർമസ്യ സുകൃതസ്യ ഉപദേശഃ ജ്ഞാപനം യൈസ്തേ ധർമോപദേശാദൃതാഃ. 'വാഹിതാഗ്ന്യാദിഷു' ഇതി പരനിപാതഃ. സന്തു ഭവന്തു. അത്ര സമസ്തജഗതഃ സ്വസ്തിപ്രാർഥനയാ സ്വസ്യാപി തദന്തഃ പാതിനഃ ചികീർഷിതഗ്രന്ഥപരിസമാപ്തിരൂപാഭിലഷിതപ്രാപ്തിരപി പ്രാർഥിതാ ഭവതി. തഥാ അവിശേഷേണ സർവപ്രാണിസംബന്ധിസ്വസ്തിപ്രാർഥനയാ 'വിദ്യാവിനയസമ്പന്നേ' ഇത്യാദി ഭഗവദ്വചനോക്തദ്വേഷ്യപ്രിയ സാധാരണസമത്വരൂപബ്രഹ്മനിഷ്ഠത്വഗുണഃ കവേർവ്യജ്യതേ. ദ്വിതീയപാദേന ച സതാം നിരസ്തദുരിതാനാം ശ്രേയോമാത്രപ്രാർഥനയാ അകിംചിത്കരത്വാത് നിരതിശയാനന്ദരൂപപരമപുരുഷാർഥപ്രാപ്തിരേവ പ്രാർഥനീയേതി വ്യജ്യതേ. ഏവം പൂർവാർധേന പ്രാർഥിതാർഥസ്യ രാജാധീനത്വാദ്രാജ്ഞോ മതിഭ്രംശേ സതി ജഗതാം കല്യാണാപ്രസക്തേസ്തപഃസ്വാധ്യായാദിലോപേന സാധൂനാമപി തന്മൂലകസുഖാതിശയാപ്രസക്തേഃ തദുഭയസിദ്ധ്യർഥം തൃതീയപാദേന രാജ്ഞാം ധർമപ്രവണതാ പ്രബന്ധപരമതാത്പര്യവിഷയീഭൂതാ പ്രാർഥിതേതി ജ്ഞേയം. രാജ്ഞാം ധർമിഷ്ഠത്വമപി സചിവാധീനമിതി തേഷാമൈകമത്യേന ധർമദ്രഷ്ടൃത്വാഭാവേ രാജ്ഞാസ്തദനുപപത്തേശ്ചതുർഥപാദേനാമാത്യാദീനാമേവ ബഹ്വാശീഃ പ്രാർഥനാമിതി ദ്രഷ്ടവ്യം. അത്ര പൂർവാർധേ 'ശസ്താ ഗുണസ്തോമതഃ' ഇതി വാക്യാർഥസ്യ സുഖപ്രാപ്തിഹേതുത്വാത്, ഉത്തരാർധേ ധർമോപദേശാദൃതപദാർഥസ്യ ദീർഘായുഷ്യഹേതുത്വാച്ച വാക്യാർഥഹേതുകം പദാർഥഹേതുകം ച കാവ്യലിങ്ഗമലംകാരഃ. തഥാ സകാരതകാരാവൃത്തിരൂപവ്യഞ്ജനാനുപ്രാസസ്യ സ്പഷ്ടത്വാത്തഥാ തം സമിതി സ്വരാനുപ്രാസവശാച്ച ഛേകാനുപ്രാസലാടാനുപ്രാസാവപി ശബ്ദാലംകാരൗ, തഥാ നിർദോഷത്വം സഗുണത്വം ച ബോധ്യം. തഥാ ച 'കാവ്യം ഹ്യദുഷ്ടൗ സഗുണൗ ശബ്ദാർഥൗ

സദലംകൃതീ' ഇതി കാവ്യസാമാന്യലക്ഷണസ്യ 'വാച്യാതിശായി വ്യങ്ഗ്യം യദുത്തമം തദ്ധ്വനിശ്ച സഃ' ഇത്യുത്തമകാവ്യലക്ഷണസ്യ ച സമ്പത്തിഃ സുലഭൈവേത്യസ്മത്കൃതശ്ലേഷാർഥചന്ദ്രികായാം വിസ്തരഃ. അസ്മിൻ പ്രബന്ധേ ശാർദൂലവിക്രീഡിതം വൃത്തം, 'സൂര്യാശ്വൈർമസജാസ്തതാഃ സഗുരവഃ ശാർദൂലവിക്രീഡിതം' ഇതി ലക്ഷണാത്.

യേ ജാതാ വിമലേഽത്ര ഭോസലകുലേ സൂര്യേന്ദുവംശോപമേ
രാജാനശ്ചിരജീവിനശ്ച സുഖിനസ്തേ സന്തു സന്താനിനഃ.
യേ തദ്വംശപരമ്പരാക്രമവശാത് സഭ്യാഃ സമഭ്യാഗതാ-
സ്തേ സന്തു പ്രഥമാനമാനവിഭവാ രാജ്ഞാം കടാക്ഷോർമിഭിഃ . ൨ .

നിർമലവും സൂര്യചന്ദ്രവംശങ്ങൾക്കു തുല്യവുമായ ഈ ഭോസല വംശത്തിൽ ജനിച്ച രാജാക്കന്മാർ ചിരഞ്ജീവികളും സുഖമുള്ളവരും സന്തതിയുള്ളവരും ആകട്ടെ. ആ വംശപരമ്പരക്കനുസരിച്ച് വരുന്ന സദസ്യർ രാജാക്കന്മാരുടെ കടാക്ഷവീചികളെക്കൊണ്ട് വർദ്ധിച്ച മാനമുള്ളവരാവട്ടെ.

ഏവം മംഗലം കൃത്വാ സ്വോപജീവ്യരാജപരമ്പരയാ ആശിഷം പ്രാർഥയതേ:
യ ഇതി. സൂര്യസ്യ രവേഃ, ഇന്ദോശ്ചന്ദ്രസ്യ, യോ വംശഃ അന്വവായഃ സ ഉപമാ യസ്യ സഃ താദൃശഃ തസ്മിൻ, വിമലേ നിഷ്കളങ്കേ, അത്രാസ്മിൻ പ്രസിദ്ധേ ഭോസലകുലേ ഭോസലസന്തതൗ, യേ രാജാനോ ജാതാഃ പ്രാദുർഭൂതാഃ തേ രാജാനഃ, ശിവാനുഗ്രഹാത് ഇതി പൂർവശ്ലോകസ്യാനുഷങ്ഗഃ. ചിരം ജീവന്തീതി താദൃശാഃ, സുഖമേഷാമസ്തീതി തഥോക്താഃ, സന്താനം പുത്രപൗത്രാദിഃ ഏഷാമസ്തീതി തഥോക്താഃ, സന്തു ഭവന്തു. ഏവം രാജ്ഞാമാശിഷം സംപ്രാർഥ്യ തദമാത്യാനാമപ്യാശിഷം പ്രയുങ്ക്തേ - യ ഇതി. തദ്വംശസ്യ ഭോസലവംശസ്യ പരമ്പരായാഃ യഃ ക്രമഃ പൗർവാപര്യം തദ്വശാത് തദനുരോധനാത്, അസ്യായമമാത്യഃ, തത്പുത്രസ്യ തദമാത്യപുത്രഃ സചിവഃ, തത്പുത്രസ്യ തത്പുത്ര ഇതി രീത്യേത്യർഥഃ. യേ സഭ്യാഃ സഭാസദഃ സമഭ്യാഗതാഃ തേ അമാത്യാഃ, രാജ്ഞാം കടാക്ഷാ ഊർമയ ഇവ തരങ്ഗാ ഇവ, 'ഭങ്ഗസ്തരങ്ഗ ഊർമിർവാ' ഇത്യമരഃ. കടാക്ഷോർമയഃ, തൈഃ, പ്രഥമാനൗ വർധമാനൗ മാനവിഭവൗ സംമാനനൈശ്വര്യേ യേഷാം തേ താദൃശാഃ സന്തു. അനേന സ്വസ്യാപിരാജാമാത്യ പരസ്പരാന്തർഗതസ്യ പ്രഥമാനമാനവിഭവത്വം പ്രാർഥിതമിതി സൂചിതം. അത്ര വിമല ഇതി വിശേഷണാദ്രാജകുലസ്യ ചതുർദശ രാജദോഷരഹിതത്വം പ്രതിപാദ്യതേ. സൂര്യേന്ദുവംശസാദൃശ്യാദ്രാജ്ഞാം ധാർമികത്വപരാക്രമിത്വാദയോ ഗുണാ: വ്യജ്യന്തേ. കടാക്ഷോർമിഭിഃ ഇത്യത്ര കടാക്ഷാണാം ഊർമി സാദൃശ്യപ്രതിപാദനാത് ഉപമാലംകാരഃ. തേന ച കടാക്ഷാണാം സഭ്യേഷൂത്തരോത്തരമാധിക്യം വ്യജ്യത ഇത്യലംകാരേണ വസ്തുധ്വനിഃ. 'തദ്വംശപരമ്പരാക്രമവശാത് സഭ്യാഃ' ഇത്യനേന സഭ്യാനാമപി സന്താനവൃദ്ധിർവ്യജ്യതേ. തേഷാം സഭ്യപദേനോപാദാനാദ്വേദശാസ്ത്ര സമ്പത്തിരാത്മഗുണസമ്പത്തിശ്ച ധ്വന്യതേ. യഥാഹ യാജ്ഞവല്ക്യഃ 'ശ്രുതാധ്യയനസമ്പന്നാഃ സപ്ത പഞ്ച ത്രയോഽപി വാ. രാജ്ഞാ സഭാസദഃ കാര്യാ രിപൗ മിത്രേ ച യേ സമാഃ' ഇതി. ന ചാഭ്യവ്യവഹാരപ്രകരണസ്ഥത്വാദ്

വ്യവഹാരപരിച്ഛേത്തൃവിഷയത്വം മന്തവ്യം, സർവത്രോപേക്ഷിതസ്യ പ്രകരണലാഘവേന ഏകത്ര പ്രതിപാദിതത്വാത്.

നാനാജിപ്രഭുചന്ദ്രഭാനുശഹജീന്ദ്രാനന്ദരായാദയോ
വിദ്വാംസഃ പ്രഭവോ ഗതാഃ ശ്രിതസുധീസന്ദോഹജീവാതവഃ.
വിദ്യായാം വിഷബുദ്ധയോ ഹി വൃഷളാസഭ്യാസ്ത്വിദാനീന്തനാഃ
കിം കുർവേഽംബ കൃഷേ വ്രജാമി ശരണം ത്വാമേവ വിശ്വാവനീം

. ൨ .

നാനാജി എന്ന രാജാവ്, പ്രഭുചന്ദ്രഭാനു എന്ന അദ്ദേഹത്തിന്റെ മന്ത്രി, ശഹജി എന്ന രാജാവ്, ആനന്ദരായർ എന്ന അദ്ദേഹത്തിന്റെ മന്ത്രി, എന്നിങ്ങനെ ആശ്രയിക്കുന്ന പണ്ഡിതന്മാരുടെ കൂട്ടത്തിന് ഔഷധമായി, വിദ്വാന്മാരായിരുന്ന പ്രഭുക്കന്മാരൊക്കെ പോയി. ഇപ്പോഴുള്ളവരാകട്ടെ അറിവിനെ നഞ്ഞായി കാണുന്ന വഷളന്മാരും അസഭ്യന്മാരും ആണ്. എന്തു ചെയ്യാം? അമ്മേ, കൃഷീ, ലോകം കാക്കുന്ന നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു.

